# ഡിപ്ലോമ ഇൻ എലിമെന്ററി എജ്യുക്കേഷൻ

## DIPLOMA IN ELEMENTARY EDUCATION D.El.Ed.

**സെമസ്റ്റർ - 4**

**പേപ്പർ – 403: മലയാളം – വിദ്യാലയ അനുഭവവും മൂല്യനിർണയവും**

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ
പരിശീലന സമിതി (SCERT)

## പേപ്പർ – 403 മലയാളം

## സെമസ്റ്റർ 4

## യൂണിറ്റ് 1

### മൂല്യനിർണയവും വിദ്യാലയാനുഭവങ്ങളുടെ ക്രോഡീകരണവും

### ആമുഖം

മൂന്നാം സെമസ്റ്ററിന്റെ ഭാഗമായി 45 ദിവസത്തെ വിദ്യാലയാനുഭവപരിപാടി വിജയകരമായി പൂർത്തിയാക്കിയല്ലോ. സമഗ്രാസൂത്രണം, ദൈനംദിനാസൂത്രണം, പഠനസാമഗ്രികൾ, പഠനാന്തരീക്ഷം, സമയക്രമീകരണം, വിദ്യാലയത്തിന്റെ പ്രത്യേകതകൾ, വിദ്യാലയത്തിലെ വിവിധ സംവിധാനങ്ങൾ തുടങ്ങിയ മേഖലകളിൽ ഇനിയും സ്വയം മെച്ചപ്പെടുത്തേണ്ടവയെക്കുറിച്ച് ധാരണ നേടേണ്ടതുണ്ട്. നാലാമത്തെ സെമസ്റ്ററിൽ യു.പി തലത്തിൽ വിദ്യാലയാനുഭവ പരിപാടി തുടങ്ങുന്നതിനു മുമ്പ് ഇവ പൂർത്തിയാക്കേണ്ടതുണ്ട്. കൂടുതൽ മെച്ചപ്പെട്ട രീതിയിൽ വിദ്യാലയാനുഭവപരിപാടി പൂർത്തിയാക്കുന്നതിന് ഇത് ആവശ്യമാണ്.

താഴെ പറയുന്ന ചോദ്യങ്ങളോടുള്ള നിങ്ങളുടെ പ്രതികരണങ്ങൾ എന്തെല്ലാം

- വിദ്യാലയാനുഭവപരിപാടിയെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായമെന്ത്?
- അധ്യാപകർ എന്ന നിലയിൽ നിങ്ങൾക്കുണ്ടായ തിരിച്ചറിവുകൾ എന്തെല്ലാം?

കഴിഞ്ഞ വർഷം 1,2 സെമസ്റ്ററുകളിലായി എൽ.പി-യു.പി വിദ്യാലയങ്ങളിലെ പഠനപ്രവർത്തനങ്ങൾ, സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച് പ്രാഥമികപരിചയപ്പെടൽ നടത്തി. മൂന്നാം സെമസ്റ്ററിൽ 45 ദിവസത്തെ വിദ്യാലയാനുഭവപരിപാടി പൂർത്തിയാക്കിക്കഴിഞ്ഞു. ഇനി നാലാംസെമസ്റ്ററിൽ യു.പി തലത്തിൽ 45 ദിവസം പഠനപ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. എൽ.പി തലത്തിൽനടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തി അവയുടെ മികവുകളും പരിമിതികളും കണ്ടെത്തണം. മികവുകൾ നിലനിർത്തിക്കൊണ്ട് പരിമിതികൾ പരമാവധി മറികടക്കാൻ കഴിയണം. അതിന് കൂട്ടായ ചർച്ചകൾ നടക്കണം. താഴെ പറയുന്ന മേഖലകളുമായി ബന്ധപ്പെട്ട് നിങ്ങളുടെ അനുഭവങ്ങൾ എന്തെല്ലാം? ഡയറിയിൽ രേഖപ്പെടുത്തുക.

### 1. അധ്യാപികയുടെ മുന്നൊരുക്കം

- വിദ്യാലയ അനുഭവ പരിപാടിക്കായി മുന്നൊരുക്കം ഏതെല്ലാം മേഖലകളിലാണ് നടത്തേണ്ടത്?
- നിങ്ങൾ നടത്തിയ മുന്നൊരുക്കങ്ങൾ നിങ്ങൾക്ക് എത്രമാത്രം സഹായകമായി?
- മുന്നൊരുക്കത്തിന്റെ കാര്യത്തിൽ ഇനിയും ശ്രദ്ധിക്കേണ്ടത് എന്തെല്ലാം ?
- ശരിയായ മുന്നൊരുക്കമില്ലാതെയും നല്ല അധ്യാപകർക്ക് ക്ലാസ്സെടുക്കാൻ കഴിയും. പ്രതികരിക്കുക.

**2. ബോധനശാസ്ത്രപരമായ വിശകലനം**

- ബോധനശാസ്ത്രപരമായ വിശകലനം ആവശ്യമാണോ? ആർക്കെല്ലാം?
- ബോധനശാസ്ത്രപരമായ വിശകലനം നിങ്ങൾക്ക് സഹായകമായത് എങ്ങനെയെല്ലാം?
- നിങ്ങൾക്കുണ്ടായ ക്ലാസ്റൂം അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ബോധനശാസ്ത്രപരമായ വിശകലനത്തിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടോ? എന്തെല്ലാം?
- ഇത്തരം അപഗ്രഥനം ദൈനംദിനാസൂത്രണത്തെ സഹായിച്ചിട്ടുണ്ടോ?

**3. ദൈനംദിനാസൂത്രണം**

- ദൈനംദിനാസൂത്രണത്തിൽ ഉൾപ്പെടുത്തുന്നത് എന്തെല്ലാം?
- കുട്ടികളുടെ പ്രതികരണങ്ങൾ തിരിച്ചറിയാനും രേഖപ്പെടുത്താനും കഴിഞ്ഞുവോ?
- കുട്ടികളുടെ പ്രതികരണങ്ങൾക്കനുസരിച്ച് അടുത്ത ദിവസത്തെ പ്രവർത്തനങ്ങളിൽ മാറ്റം വരുത്താൻ കഴിഞ്ഞുവോ?
- നേരിട്ട പ്രയാസങ്ങൾ എന്തെല്ലാം? അവ പരിഹരിക്കാനുള്ള നിർദേശങ്ങൾ എന്തെല്ലാം?
- പഠനപ്രവർത്തനത്തിന്റെ സവിശേഷതകൾ പരിഗണിച്ചുകൊണ്ട് പ്രവർത്തനങ്ങൾ ഉൾപ്പെടുത്താൻ കഴിഞ്ഞുവോ?
- വിലയിരുത്തൽ പേജിലെ രേഖപ്പെടുത്തലുകൾ പിന്നീട് മറ്റേതെങ്കിലും തരത്തിൽ പ്രയോജനപ്പെടുന്നുണ്ടോ?
- ദൈനംദിനാസൂത്രണത്തിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടോ? നിങ്ങളുടെ ക്ലാസ്റൂം അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പ്രതികരിക്കുക.
- പ്രതിഫലനാത്മകക്കുറിപ്പുകൾ തയാറാക്കുന്നതിൽ നിങ്ങൾക്കു നേരിട്ട പ്രയാസങ്ങൾ എന്തെല്ലാം?
- പ്രതിഫലനാത്മകക്കുറിപ്പുകൾ പിന്നീട് പ്രയോജനപ്പെടുത്തിയതെന്തിനെല്ലാം?
- പ്രതിഫലനാത്മകക്കുറിപ്പിൽ മാറ്റങ്ങൾ ആവശ്യമാണോ? എന്തെല്ലാം?

**4. പഠനോപകരണങ്ങളുടെ ഉപയോഗം**

- പഠനപ്രവർത്തനങ്ങളുടെ ഭാഗമായി നിങ്ങൾ പ്രയോജനപ്പെടുത്തിയ പഠനസാമഗ്രികൾ ഏതെല്ലാം?
- സ്വന്തമായി നിർമ്മിച്ചവ ഏതെല്ലാം?
- പുസ്തകങ്ങളിൽനിന്നും സമഗ്രയിൽനിന്നും കണ്ടെത്തിയവ ഏതെല്ലാം?
- ഉപയോഗിച്ച പഠനോപകരണങ്ങൾ, പഠനോപകരണങ്ങളുടെ സവിശേഷതകൾ ഉൾക്കൊള്ളുന്നവ ആയിരുന്നോ?
- പഠനം വേഗത്തിലാക്കാൻ അവ എത്രമാത്രം സഹായകമായി?

- പഠനോപകരണങ്ങൾ വേണ്ടരീതിയിൽ പ്രയോജനപ്പെടുത്താൻ കഴിയാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ?
- ഈ മേഖലയിൽ നിങ്ങൾക്കു നേരിട്ട പ്രയാസങ്ങൾ എന്തെല്ലാം?
- പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രയോഗം ഇവയുമായി ബന്ധപ്പെട്ട് നിങ്ങൾക്കുണ്ടായ തിരിച്ചറിവുകൾ എന്തെല്ലാം?
- പഠനോപകരണശില്പശാലയുടെ ആവശ്യകതയും പ്രാധാന്യവും കണ്ടെത്തുക.?
- ഐ.സി.ടി സാധ്യതകൾ- പി.പി.ടി, വീഡിയോ, ഓഡിയോ, ചിത്രങ്ങൾ എന്നിവ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിഞ്ഞോ?

**5. ക്രിയാഗവേഷണവും അധ്യാപകരും**

- വിദ്യാലയാനുഭവപരിപാടിയുടെ ഭാഗമായിഏറ്റെടുത്ത ക്രിയാഗവേഷണം ഏത്?
- ക്രിയാഗവേഷണം നൽകിയ തിരിച്ചറിവുകൾ എന്തെല്ലാം?
- ക്രിയാഗവേഷണം അധ്യാപകശാക്തീകരണത്തിന് അനിവാര്യമാണ്-യോജിക്കുന്നുവോ?
- ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് ഉറപ്പാക്കുന്നതിൽ ക്രിയാഗവേഷണത്തിന്റെസ്ഥാനമെന്ത്?
- നിങ്ങളുടെ തിരിച്ചറിവുകളുമായി ബന്ധപ്പെട്ട പഠനത്തെളിവുകൾ ശേഖരിച്ചിട്ടുണ്ടോ?
- നിങ്ങളുടെ അനുഭവങ്ങളുടെ വെളിച്ചത്തിൽ പ്രൈമറിതലത്തിൽ ക്രിയാഗവേഷണമായി ഏറ്റെടുക്കത്തക്ക വിധത്തിൽ കുട്ടികൾ നേരിടുന്ന പഠനപ്രയാസങ്ങൾ എന്തെല്ലാം? അവയുമായി ബന്ധപ്പെട്ട ഒരു ക്രിയാഗവേഷണ പദ്ധതി തയാറാക്കുക.

**6. പ്രാദേശികപാഠങ്ങൾ**

- നിങ്ങൾ കൈകാര്യം ചെയ്ത പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് തയാറാക്കിയ പ്രാദേശികപാഠങ്ങൾ ഏതെല്ലാം?
- പ്രാദേശികപാഠങ്ങൾ ഉപയോഗിക്കുന്നതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം?
- പ്രാദേശികപാഠങ്ങൾ തയാറാക്കുമ്പോൾ നേരിട്ട പ്രയാസങ്ങൾ എന്തെല്ലാം?

**7. വിദ്യാലയാനുഭവപരിപാടിയും വിദ്യാലയങ്ങളും**

- ഒരു മികച്ച വിദ്യാലയമെന്ന നിലയിലേക്ക് ഉയരണമെങ്കിൽ നിങ്ങൾ പ്രവർത്തിച്ച വിദ്യാലയത്തിൽ ഉണ്ടാകേണ്ട മികവുകൾ എന്തെല്ലാം?
- ഇനിയും കൂടുതലായി ഒരുക്കേണ്ട സംവിധാനങ്ങൾ എന്തെല്ലാം?
- ആ വിദ്യാലയത്തെ മുന്നോട്ടു നയിക്കുന്നതിന് ആവശ്യമായ ഒരു അക്കാദമിക പദ്ധതി തയാറാക്കുക.?

**8. ഉല്പന്നങ്ങൾ, തെളിവുകൾ**

- നിങ്ങളുടെ ഇടപെടലുകളുടെ ഫലമായി കുട്ടികൾക്കുണ്ടായ മികവുകൾ എന്തെല്ലാം? ആവശ്യമായ തെളിവുകൾ സഹിതം അവതരിപ്പിക്കുക.
- കുട്ടികൾ നേരിടുന്ന പ്രധാന പഠനപ്രശ്നങ്ങളായി നിങ്ങൾ കണ്ടെത്തിയവ ഏതെല്ലാം? തെളിവുകളുടെ സഹായത്തോടെ അവതരിപ്പിക്കുക.

**9. തിരിച്ചറിവുകൾ**

വിദ്യാലയവുമായി ബന്ധപ്പെട്ട വിവിധ സംവിധാനങ്ങളെക്കുറിച്ച് നിങ്ങൾക്കുണ്ടായ തിരിച്ചറിവുകൾ എന്തെല്ലാം?

- പ്രധാനാധ്യാപകൻ
- അധ്യാപകർ
- അധ്യാപക രക്ഷാകർത്തൃസമിതി
- മാതൃസമിതി
- ജനപ്രതിനിധികൾ-സമൂഹം
- പൂർവവിദ്യാർഥി സമിതികൾ
- എ.ഇ.ഒ
- എസ്.എസ്.കെ
-
-
-

.

ഇത്തരത്തിൽ വിദ്യാലയവുമായി ബന്ധപ്പെട്ട വിവിധ ഘടകങ്ങളെക്കുറിച്ച്- അവ തമ്മിലുള്ള ബന്ധത്തെക്കുറിച്ച്- അവയുടെ മികവുകൾ, പരിമിതികൾ എന്നിവയെക്കുറിച്ച് നിങ്ങൾക്കുണ്ടായ തിരിച്ചറിവുകൾ, അവ കൂടുതൽ മികച്ചതാക്കാൻ നിങ്ങൾക്കുള്ള നിർദേശങ്ങൾ എന്നിവ തയാറാക്കുക.

മുകളിൽ തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് വ്യക്തിഗതമായി പ്രതികരണം തയാറാക്കുക. തുടർന്ന് ചെറുകൂട്ടങ്ങളിൽ ചർച്ച ചെയ്തശേഷം ക്ലാസിൽ പൊതുവായി അവതരിപ്പിക്കുക.

അവതരണങ്ങളിലൂടെയും ചർച്ചയിലൂടെയും രൂപംകൊള്ളുന്ന ആശയങ്ങൾ ഒരു ലേഖനമായി തയാറാക്കുക.

## പേപ്പർ – 403 മലയാളം
## വിദ്യാലയ അനുഭവവും മൂല്യനിർണയവും
## യൂണിറ്റ് 2
## ഭാഷാഭേദങ്ങളും പ്രാദേശിക പാഠങ്ങളും

### ആമുഖം

2005 ലെ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടും (എൻ.സി.എഫ്. 2005) 2007 ലെ കേരള പാഠ്യപദ്ധതി ചട്ടക്കൂടും (കെ.സി.എഫ്. 2007) 2009 ലെ വിദ്യാഭ്യാസ അവകാശ നിയമവും (ആർ.റ്റി.ഇ. 2009) മുന്നോട്ടുവയ്ക്കുന്ന നിർദേശങ്ങളും കാഴ്ചപ്പാടുകളും അർഹമായ പരിഗണന നൽകുന്ന ഒരു പാഠ്യപദ്ധതിയാണ് നമുക്കുള്ളത്. എങ്കിലും എല്ലാ വിഭാഗത്തിനും തുല്യമായ പരിഗണന നൽകുകയും പ്രാദേശിക പാഠങ്ങൾക്ക് പ്രാധാന്യം നൽകുകയും ചെയ്യുന്നുണ്ട് എന്ന് ഇപ്പോഴും നമുക്ക് പറയാൻ സാധിക്കുന്നില്ല.

ഈ യൂണിറ്റ് വിനിമയം ചെയ്യുന്നതിലൂടെ പാഠ്യപദ്ധതി, പ്രാദേശിക പാഠ്യപദ്ധതി എന്നിവയുടെ രൂപീകരണ പ്രക്രിയയെക്കുറിച്ച് ധാരണ നേടണം. പ്രാദേശികപാഠനിർമാണ ശില്പശാല സംഘടിപ്പിച്ച് പ്രാദേശിക പാഠം നിർമ്മിക്കാനുള്ള ധാരണ നേടാൻ കഴിയണം. യു.പി. ക്ലാസുകളിലെ പാഠപുസ്തക വിശകലനം നടത്തി പാഠഭാഗങ്ങൾക്ക് അനുപൂരകമായ പ്രാദേശിക പാഠങ്ങൾ നിർമ്മിക്കാനുമാവണം. വിദ്യാഭ്യാസ മേഖലയിൽ ഇത്തരം വഴക്കമുള്ള പാഠ്യപദ്ധതി (Flexible curriculum) കൊണ്ടുവരുന്നതിലൂടെ ഉണ്ടാകാവുന്ന നേട്ടങ്ങളും ഈ യൂണിറ്റിൽ ചർച്ചചെയ്യപ്പെടണം.

### പാഠ്യപദ്ധതി

പാഠ്യപദ്ധതി ഒരു സാമൂഹിക രേഖയാണ്. ഭാവിസമൂഹം എങ്ങനെ ആയിരിക്കണം എന്ന കാഴ്ചപ്പാട് ഇത് ഉൾക്കൊള്ളുന്നു. അധ്യാപകന് തന്റെ കർത്തവ്യങ്ങളും ഉത്തരവാദിത്തങ്ങളും ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള ഒരു പ്രവർത്തന രൂപരേഖയായി ഇത് പ്രയോജനപ്പെടുമെന്ന് മാത്രമല്ല വിദ്യാഭ്യാസത്തിന്റെ ഒരു പൊതുരേഖ എന്ന നിലയിലും പാഠ്യപദ്ധതിക്ക് പ്രാധാന്യമുണ്ട്. അധ്യാപകർ തങ്ങളുടെ വിദ്യാഭ്യാസ പ്രവർത്തനം (ബോധനം) ആരംഭിക്കേണ്ടത് ഈ രേഖ അടിസ്ഥാനമാക്കിയാകണം.

'മത്സരപ്പാത' എന്നർഥമുള്ള ലാറ്റിൻ പദമായ 'ക്യൂറിയേർ' എന്ന വാക്കിൽ നിന്നാണ് കരിക്കുലം എന്ന പദം ഉണ്ടായത്. പാഠ്യവിഷയങ്ങൾ എന്ന അർഥത്തിലാണ് ആദ്യകാലങ്ങളിൽ ഇതിനെ ഉപയോഗിച്ചിരുന്നതെങ്കിലും ഇന്ന് എല്ലാ വിഷയങ്ങളുമായി ബന്ധപ്പെട്ട ബഹുമുഖ അനുഭവങ്ങളുടെ ശേഖരമായിട്ടാണ് കരിക്കുലത്തെ കാണുന്നത്.

"ഉൽപ്പാദന ശക്തിയുള്ള അംഗങ്ങളായി ഒരു സംസ്കാരത്തിൽ പങ്കാളിയാവാൻ യുവജനതയെ തയാറെടുപ്പിക്കാനുള്ള മാർഗ്ഗമാണ് പാഠ്യപദ്ധതി" എന്നും "ബോധനം ആസൂത്രണം ചെയ്തിരിക്കുന്നതും പഠനം സംഭവിക്കുന്നതുമായ പൊതു ചട്ടക്കൂട് എന്താണെന്ന് സൂചിപ്പിക്കുന്ന പരസ്പരബന്ധിതമായ തീരുമാനങ്ങളാണ് പാഠ്യപദ്ധതി" എന്നും പറയാം.



## പാഠ്യപദ്ധതി രൂപീകരണത്തിന്റെ മനശ്ശാസ്ത്രപരമായ അടിത്തറ

പാഠ്യപദ്ധതിയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ ഈ രീതിയിൽ ചർച്ചചെയ്യപ്പെടുന്ന അവസരത്തിലാണ് 2005 ലെ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് (എൻ.സി.എഫ്. 2005) ഇന്ത്യൻ വിദ്യാഭ്യാസ സമ്പ്രദായത്തിൽ പാഠ്യപദ്ധതി, പാഠപുസ്തകം, അധ്യാപനരീതികൾ തുടങ്ങിയവ എങ്ങനെ ആയിരിക്കണമെന്ന വ്യക്തമായ മാർഗ നിർദേശം നൽകുന്നത്. അവയിലെ ചില ഭാഗങ്ങൾ പരിശോധിക്കാം.

ജീവിതത്തിന്റെ സമസ്ത മേഖലകളും അനുനിമിഷം മാറിക്കൊണ്ടിരിക്കുന്നു. ബോധനശാസ്ത്രം, പഠനമനശ്ശാസ്ത്രം എന്നിവയിലെ പുതിയ കണ്ടെത്തലുകളും പ്രായോഗികാനുഭവങ്ങളും കുറേക്കൂടി മെച്ചപ്പെട്ട രീതിയിൽ പഠനസാമഗ്രികളുടെ നിർമാണവും പഠനാനുഭവങ്ങളുടെ വിനിമയവും വിലയിരുത്തലും നടത്തുന്നതിന് നമ്മെ പ്രാപ്തരാക്കുന്നു. എല്ലാ വിഭാഗം കുട്ടികളുടെയും പഠനപുരോഗതി നാം ലക്ഷ്യംവയ്ക്കുന്നു.

"വ്യത്യസ്തമായ സാമൂഹിക-സാമ്പത്തിക പശ്ചാത്തലമുള്ള, വ്യത്യസ്തമായ ശാരീരികവും മാനസികവും ബൗദ്ധികവുമായ കഴിവുകളുള്ള എല്ലാ കുട്ടികൾക്കും പഠിക്കാനും സ്കൂളുകളിൽ വിജയം കൈവരിക്കാനും കഴിയുമെന്ന് ഉറപ്പുവരുത്തണം. ലിംഗം, ജാതി, ഭാഷ, സംസ്കാരം, മതം, അംഗവൈകല്യങ്ങൾ മുതലായവയിൽ നിന്ന് ഉടലെടുക്കുന്ന പരിമിതികൾ മറികടക്കാൻ നയങ്ങളും പദ്ധതികളും മാത്രം പോരാ, ശൈശവഘട്ടം മുതൽതന്നെ യോജ്യമായ പഠനലക്ഷ്യങ്ങളും അധ്യാപനരീതികളും തിരഞ്ഞെടുക്കുകയും രൂപകല്പന ചെയ്യുകയും വേണ്ടതുണ്ട്" (എൻ.സി.എഫ്. 2005, പുറം-27).

- വ്യത്യസ്തമായ സാമൂഹിക-സാമ്പത്തിക പശ്ചാത്തലത്തിലുള്ളവർ.
- ശാരീരികമോ മാനസികമോ ബൗദ്ധികമോ ആയി വ്യത്യസ്തമായ കഴിവുകളുള്ളവർ.

ഇങ്ങനെ എല്ലാ വിഭാഗത്തിലും പെട്ടവർക്ക് പഠനനേട്ടം കൈവരിക്കുന്നതിന് വിദ്യാഭ്യാസ പ്രക്രിയയുടെ എല്ലാ മേഖലകളിലും കൂടുതൽ സൂക്ഷ്മവും ശാസ്ത്രീയവുമായ നിലപാടുകൾ സ്വീകരിക്കുകയായിരിക്കണം നമ്മുടെ എപ്പോഴത്തെയും കാഴ്ചപ്പാട് എന്ന് എൻ. സി. എഫ്. സൂചിപ്പിക്കുന്നു. കാലോചിതമായി പാഠ്യപദ്ധതി നവീകരണം നടത്തിക്കൊണ്ടിരിക്കുകയും സംവിധാനത്തെ പ്രവർത്തനനിരതമാക്കുകയും ചെയ്താൽ മാത്രമേ ഈ ലക്ഷ്യം കൈവരിക്കാനാകൂ എന്ന് ഇതു കാണിക്കുന്നു. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ പാഠ്യപദ്ധതി പരിഷ്കരിക്കുന്നത്. വിദ്യാഭ്യാസ പ്രക്രിയയിൽ നിരന്തരം ഇടപെട്ടുകൊണ്ടിരിക്കുന്ന എല്ലാവരുടെയും അനുഭവങ്ങളും കണ്ടെത്തലുകളും പഠന-ഗവേഷണങ്ങളും സ്വാംശീകരിച്ചുകൊണ്ടാണ് ഇതു നടത്തുന്നത്. ശരിയിൽനിന്ന് കൂടുതൽ ശരിയിലേക്ക് എന്ന ശാസ്ത്രീയസമീപനമാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്.

എൻ.സി.എഫ്. 2005 ചർച്ച ചെയ്യുന്ന വിധത്തിൽ പാഠ്യപദ്ധതി സമീപനത്തെ കൃത്യമായ ദിശാബോധത്തിലെത്തിക്കുന്നു. അന്നുവരെയുണ്ടായിരുന്ന പാഠ്യപദ്ധതി സമീപനം മാറി.

# പാഠ്യപദ്ധതിസമീപനം

ജ്ഞാനേന്ദ്രിയങ്ങളിലൂടെ ചുറ്റുപാടിൽനിന്നു പഠിക്കാനുള്ള നൈസർഗികമായ കഴിവുകളോടെയാണ് കുട്ടി ജനിക്കുന്നത്. ലോകത്തെ പുതിയ രീതിയിൽ നോക്കിക്കാണാനും മനസ്സിലാക്കാനും ഇടപഴകാനും വിലയിരുത്താനുമുള്ള സാധ്യതകളാണ് വിദ്യാലയത്തിലെ ഔപചാരികപഠനം വഴി കുട്ടിക്ക് ലഭിക്കുന്നത്.

തന്റെ മുന്നിലുള്ള പ്രശ്നസന്ദർഭങ്ങളിൽ ഇടപെട്ടുകൊണ്ട് പ്രശ്നപരിഹരണത്തിൽ ഏർപ്പെ

ടുന്നതിലൂടെയാണ് പഠനം നടക്കുന്നത്.

പാഠ്യപദ്ധതി വിനിമയസമീപനത്തിന്റെ സവിശേഷതകൾ എന്തൊക്കെയായിരിക്കണം?

- പ്രവർത്തനാധിഷ്ഠിതം
- പ്രക്രിയാബന്ധിതം
- പഠനം ഉറപ്പാക്കുന്നത്.
- പഠനനേട്ടങ്ങൾ കൈവരിക്കുന്നതിന് പര്യാപ്തമായത്.
- പരിസ്ഥിതി സൗഹൃദപരമായത്
- വികാസമേഖലകളെ പരിഗണിക്കുന്നത്.
- പഠിതാവിന്റെ പ്രകൃതത്തിന് യോജിച്ചത്.
- പഠനത്തോടൊപ്പം വിലയിരുത്തലും ഒത്തുചേർന്നു പോകുന്നത്.

ജ്ഞാനനിർമിതിവാദത്തിലധിഷ്ഠിതമായ പഠനരീതിയാണ് പാഠ്യപദ്ധതിയുടെ ആധാരം. പഠിതാവിന്റെ ആർജിതമായ അറിവിനെയും ആശയപരിസരത്തെയും പരിഗണിച്ചുകൊണ്ട് ഫലപ്രദമായ പഠനപ്രവർത്തനങ്ങൾ ഒരുക്കുന്നതിലൂടെ സ്വാഭാവികമായി അറിവ് നിർമിച്ചെടുക്കാൻ സാധിക്കും എന്നതാണ് ഈ കാഴ്ചപ്പാടിന്റെ പ്രത്യേകത.

*കുട്ടികൾ ഏർപ്പെട്ടിരിക്കുന്ന ജ്ഞാനനിർമാണപ്രക്രിയയിൽ അധ്യാപകർ കൂടുതൽ സജീവമായ പങ്കുവഹിക്കുകയാണെങ്കിൽ, അത് കുട്ടികളുടെ അറിവിനെ ശക്തിപ്പെടുത്തുന്നതായിരിക്കും. പഠനത്തിൽ വ്യാപൃതരായിരിക്കുന്ന കുട്ടികൾ സ്വന്തം അറിവ് നിർമിക്കുകയാണുചെയ്യുന്നത്. തങ്ങൾ സ്കൂളിൽ പഠിക്കുന്നതിനെ പുറത്തു നടക്കുന്ന കാര്യങ്ങളുമായി ബന്ധിപ്പിക്കാൻ വേണ്ട ചോദ്യങ്ങൾ ചോദിക്കുവാൻ കുട്ടികളെ അനുവദിക്കുക, കാണാപ്പാഠം പഠിച്ച് ഒരൊറ്റ ശരിയുത്തരം നൽകുന്നതിനു പകരം സ്വന്തം അനുഭവങ്ങളിൽനിന്ന് സ്വന്തം വാക്കുകളിൽ ഉത്തരം പറയാൻ പ്രോത്സാഹിപ്പിക്കുക. ഇതെല്ലാം തങ്ങളുടെ അറിവ് വികസിപ്പിക്കുവാൻ കുട്ടികളെ സഹായിക്കുന്ന, ചെറുതെങ്കിലും പ്രധാനമായ, ചുവടുകളാണ്. ബുദ്ധിപൂർവമായ ഊഹിക്കൽ അർഥവത്തായ ഒരു ബോധനോപാധിയാണ്. അത് പ്രോത്സാഹിപ്പിക്കണം. പലപ്പോഴും തങ്ങളുടെ ദൈനംദിനാനുഭവങ്ങളിൽനിന്നോ മാധ്യമസമ്പർക്കത്തിൽനിന്നോ കുട്ടികളുടെ മനസ്സിൽ ചില ആശയങ്ങൾ രൂപപ്പെട്ടിട്ടുണ്ടാകാം. പക്ഷേ, ടീച്ചർ പ്രതീക്ഷിക്കുന്ന വാക്കുകളിൽ അവ പ്രകടിപ്പിക്കാൻ അവർക്കു പറ്റിയെന്നു വരില്ല. അറിഞ്ഞതിന്റെയും കഷ്ടിച്ച് അറിയുന്നതിന്റെയും ഇടയ്ക്കുള്ള ഇടത്തിൽ ആണ് പുതിയ അറിവ് സൃഷ്ടിക്കപ്പെടുന്നത്. സ്കൂളിനു പുറത്ത് വീട്ടിലോ സമൂഹത്തിലോ വളർത്തിക്കൊണ്ടുവരുന്ന കരവിരുതുകളുടെ രൂപത്തിലായിരിക്കും പലപ്പോഴും ഇത്തരം അറിവ് സൃഷ്ടിക്കപ്പെടുക. ഇത്തരത്തിലുള്ള എല്ലാ അറിവുകളും ബഹുമാനിക്കപ്പെടണം. അറിവും സംവേദനക്ഷമതയുമുള്ള ഒരു ടീച്ചർ ഇതിനെപ്പറ്റി ബോധവതിയായിരിക്കും. കുട്ടികളുടെ വികാസസാധ്യതകൾ സാക്ഷാത്കരിക്കാൻ സഹായിക്കുന്നവിധം പ്രവർത്തനങ്ങൾ നൽകിയും ചോദ്യങ്ങൾ ചോദിച്ചും അവരെ നയിക്കാൻ ടീച്ചർക്കു കഴിയും.*

*അന്വേഷണം, പര്യവേഷണം, ചോദ്യംചോദിക്കൽ, ഡിബേറ്റുകൾ, സിദ്ധാന്തരൂപീകരണത്തിലേക്കും ആശയങ്ങളുടെയും നിലപാടുകളുടെയും സൃഷ്ടിയിലേക്കും നയിക്കുന്ന പ്രയോഗവും ചിന്തയും-ഇവയൊക്കെ സജീവമായ ഇടപെടലിന്റെ ഭാഗമാണ്. സ്കൂളുകൾ, ചോദ്യങ്ങൾ ചോദിക്കാനും അന്വേഷിക്കാനും തർക്കിക്കാനും മനനം ചെയ്യാനും സങ്കല്പനങ്ങളിൽ എത്തിച്ചേരാനും പുതിയ ആശയങ്ങൾ ഉണ്ടാക്കാനും ഒക്കെ അവസരം ഒരുക്കണം.*

*(എൻ.സി.എഫ്. 2005, പുറം - 41, 42)*

2005 ലെ ദേശീയപാഠ്യപദ്ധതി ചട്ടക്കൂടിന്റെ ചുവടു പിടിച്ച് 2007 ൽ തയാറാക്കിയ കേരള പാഠ്യപദ്ധതിയാണ് കേരള പാഠ്യപദ്ധതി ചട്ടക്കൂട് - 2007.

ആശയാവതരണരീതി, ഉദ്ഗ്രഥിത സമീപനം, ബഹുമുഖമായ ബുദ്ധിയുടെ വികാസം, അറിവിന്റെ നിർമ്മാണം, വിമർശനാത്മക പഠനം തുടങ്ങിയ സമീപനങ്ങൾ ഇതിന്റെ ഭാഗമായി വന്നതാണ്.

എൻ.സി.എഫ്. 2005, കെ.സി.എഫ്. 2007, 2009 ലെ വിദ്യാഭ്യാസ അവകാശ നിയമം എന്നിവ പരിഗണിക്കുമ്പോൾ നേരത്തെ ചർച്ച ചെയ്ത പാഠ്യപദ്ധതി സമീപനത്തിന്റെ നയം, പ്രസക്തി എന്നിവ പരിശോധിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ അവകാശ നിയമത്തിലെ പാഠ്യപദ്ധതി, വിലയിരുത്തൽ എന്നിവയുമായി ബന്ധപ്പെട്ട നിയമങ്ങൾ പാഠ്യപദ്ധതി പരിഷ്കരണത്തിൽ പരിഗണിക്കേണ്ടതും ആവശ്യമാണ്.

## പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ പ്രസക്തി

കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ വിദ്യാഭ്യാസരംഗത്ത് നവീനമായ ഒട്ടേറെ ആശയങ്ങൾ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യയിലാകട്ടെ, 2009 ലെ വിദ്യാഭ്യാസ അവകാശനിയമം പ്രാബല്യത്തിൽവന്നതോടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമായി മാറിക്കഴിഞ്ഞു. അവകാശാധിഷ്ഠിത വിദ്യാലയം (Right based Educational Institution) എന്ന ലക്ഷ്യം നേടുന്നതിനുള്ള സമഗ്രമായ സ്കൂൾവികസന പരിപ്രേക്ഷ്യം നടപ്പിലാക്കുന്നതിന് പാഠ്യപദ്ധതിയെ അന്തർദേശീയ നിലവാരത്തിൽ എത്തിക്കേണ്ടതുണ്ട്. അന്തർദേശീയനിലവാരം എന്നത് ഏതെങ്കിലും ഒരു രാജ്യത്തിന്റെ നിലവാരമല്ല, ഒരു പ്രത്യേക ഘട്ടം പിന്നിടുന്ന കുട്ടി ലോകത്തെവിടെയാണെങ്കിലും ആർജിക്കേണ്ട അറിവുകളുടെയും അനുഭവങ്ങളുടെയും ആകെത്തുകയാണ്. ആഗോളതലത്തിൽ അവതരിപ്പിക്കപ്പെട്ട മികച്ച പഠന-ബോധനമാതൃകകൾ കേരളത്തിലെ കുട്ടികൾക്ക് ലഭ്യമാക്കേണ്ടതുണ്ടെന്ന് ഇതു കാണിക്കുന്നു.

ഇങ്ങനെ കൃത്യമായ കാഴ്ചപ്പാടുകളുടെയും നിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ തയാറായ പാഠ്യപദ്ധതിയാണ് കേരളത്തിൽ നിലനിൽക്കുന്നത്.

ഇതിന്റെ പശ്ചാത്തലത്തിൽ മാതൃഭാഷയായ മലയാളത്തിന്റെ ബോധന രീതിയെക്കുറിച്ചും പ്രൈമറി ക്ലാസുകളിലെ ഭാഷാപഠനത്തെക്കുറിച്ചും പരിശോധിക്കാം.

**ആ**ശവിനിമയോപാധി എന്നതിനപ്പുറം ഭാഷ ഒരു ജനതയുടെ സ്വത്വബോധവും സംസ്കാരവും പ്രതിഫലിപ്പിക്കുന്നു. സാമൂഹികജീവിതത്തിൽ ക്രിയാത്മകമായി ഇടപെടുന്നതിനും ലോകത്തിന്റെ ഗതിവിഗതികൾ തിരിച്ചറിയുന്നതിനും മനുഷ്യനെ പ്രാപ്തനാക്കുന്നത് ഭാഷയാണ്. വിജ്ഞാനസ്വീകരണത്തിന്റെയും വിനിമയത്തിന്റെയും മാധ്യമമാണത്. മനുഷ്യവംശത്തിനു മാത്രമുള്ള അമൂല്യസ്വത്തായ ഭാഷയുടെ സ്വാംശീകരണം ഓരോ വ്യക്തിയിലും ജനനം മുതൽ ആരംഭിക്കുന്നു. ജീവിതപരിസരങ്ങളിൽ നിന്ന് ആർജിക്കുന്ന ആശയങ്ങളെയും ഭാവങ്ങളെയും കരുത്തോടെയും ആത്മവിശ്വാസത്തോടെയും സന്ദർഭോചിതമായി വിനിമയം ചെയ്യാൻ കഴിയേണ്ടതുണ്ട്. സ്വാഭാവിക സാഹചര്യങ്ങളിൽനിന്ന് ആർജിക്കുന്ന ഭാഷാശേഷികളെ നിശ്ചിതതലങ്ങളിൽ ചിട്ടപ്പെടുത്തുന്നത് വിദ്യാലങ്ങളിൽ നടക്കുന്ന ഔപചാരിക പഠനത്തിലൂടെയാണ്. ഭാഷാപഠനം ഇതിന് അനുകൂലമായ രീതിയിലാണ് ക്രമീകരിക്കേണ്ടത്.

സംസ്ഥാനത്ത് നടന്ന പാഠ്യപദ്ധതിപരിഷ്കരണങ്ങളുടെ ഫലമായി ഭാഷാപാഠപുസ്തകങ്ങൾ, പഠനരീതി, മൂല്യനിർണയം എന്നിവയിൽ ഗുണകരമായ നിരവധി മാറ്റങ്ങൾ വന്നിട്ടുണ്ട്. സമഗ്രവും യഥാർഥവും ജീവിതത്തിന് ഉപയുക്തവുമായ സന്ദർഭങ്ങളിലൂന്നിയുള്ള ഭാഷാപഠനരീതിയാണ് ഇതിന്റെ ഭാഗമായി നടപ്പിലാക്കാൻ ശ്രമിച്ചത്. സ്വതന്ത്രവായന, അർഥോൽപ്പാദനം, സ്വതന്ത്രാവിഷ്കാരം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നതാണ് ഈ രീതി. ഇവയുടെ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തുകയും വായനയിലെയും എഴുത്തിലെയും കൃത്യതയും സൂക്ഷ്മതയും ഉറപ്പാക്കുകയും ചെയ്യുന്ന സമീപനമാണ് പാഠ്യപദ്ധതി വിഭാവനം ചെയ്യുന്നത്.

കുട്ടിയുടെ ഭാഷാവികാസം വൈജ്ഞാനികവികാസവുമായും ചിന്താശേഷിയുടെ വളർച്ചയുമായും ബന്ധപ്പെട്ടതാണ്. ഊഹിക്കുക, ഭാവനയിൽ കാണുക, പ്രവചിക്കുക, വിവരിക്കുക, വർണിക്കുക എന്നിങ്ങനെ പഠിതാവിന്റെ ചിന്താശേഷി ചടുലമായും സർഗാത്മകമായും ഉപയോഗപ്പെടുത്തുന്നതിന് അവസരം ലഭിക്കുന്ന പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ കുട്ടികൾക്ക് സാധിക്കണം. ഇതിനാവശ്യമായ പ്രവർത്തനങ്ങൾ സർഗാത്മകമായി ആവിഷ്ക്കരിക്കാനുള്ള സ്വാതന്ത്ര്യം അധ്യാപികയ്ക്ക് ഉണ്ടായിരിക്കും.

* മറ്റുള്ളവർക്ക് മനസ്സിലാവുംവിധം ശുദ്ധവും സ്പഷ്ടവുമായി ശ്രാവ്യവായന നടത്തൽ.
* കേട്ടുമനസ്സിലാക്കൽ
* വായിച്ച് ആശയം ഗ്രഹിക്കൽ.
* ആസ്വദിക്കൽ
* ആശയപ്രകാശനം ഫലപ്രദമാക്കുന്നതിനുള്ള രചനാതന്ത്രങ്ങൾ പരിചയപ്പെടൽ.
* രചനകളുടെ അർഥതലങ്ങൾ വ്യാഖ്യാനിക്കൽ.
* ആശയങ്ങളും അനുഭവങ്ങളും വിവിധ മാധ്യമങ്ങളിൽ ആവിഷ്കരിക്കൽ.
* സർഗാത്മകരചന
* പദാവലി വികസിപ്പിക്കൽ
* അക്ഷരബോധം
* സാഹിത്യരൂപങ്ങളെയും കലാരൂപങ്ങളെയും വിലയിരുത്തൽ.
* ഐ.ടി. അടക്കമുള്ള സാധ്യതകൾ ഉപയോഗിച്ച് വിവരശേഖരണം നടത്തൽ.

ഭാഷാപഠനത്തിലൂടെ ഈ മേഖലകളുമായി ബന്ധപ്പെട്ട പഠനനേട്ടങ്ങൾ ഉണ്ടാക്കാൻ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്.

### ഭാഷാപഠനം പ്രൈമറി ക്ലാസുകളിൽ

ഭാഷയുടെ സൗന്ദര്യവും ഓജസ്സും തിരിച്ചറിഞ്ഞ് സ്വതന്ത്രമായ ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുന്ന ഭാഷാപഠനാന്തരീക്ഷമാണ് പ്രൈമറി ക്ലാസുകളിൽ ഉണ്ടാകേണ്ടത്. വർത്തമാനപത്രങ്ങൾ മുതൽ വൈവിധ്യമാർന്ന സാഹിത്യകൃതികൾ വരെയുള്ള ലഭ്യമാകുന്ന അച്ചടിസാമഗ്രികൾ കൊണ്ട് സമ്പന്നമായ അന്തരീക്ഷം (Print rich environment) സ്കൂളിലുണ്ടാവണം. ലളിതമായ ഭാഷാവ്യവഹാരരൂപങ്ങളും കഥകൾ, കവിതകൾ, ഉപന്യാസങ്ങൾ മുതലായ സാഹിത്യരൂപങ്ങളും ഈ ഘട്ടത്തിൽ പരിചയപ്പെടുകയും സർഗാത്മകരചനകൾ നടത്തുകയും വേണം. അക്ഷരങ്ങൾ, ചിഹ്നങ്ങൾ, പദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ മുതലായവ ആവശ്യാനുസരണം കൃത്യതയോടും സൂക്ഷ്മതയോടും ഉപയോഗിക്കാനുള്ള ശേഷികളും നൈപുണികളും ഈ ഘട്ടത്തിൽ വികസിച്ചുവരണം.

*ടീച്ചർടെക്സ്റ്റ് (മലയാളം) - എസ്.സി.ഇ.ആർ.ടി. 2013*

- ദേശീയ പാഠ്യപദ്ധതി
- കേരള പാഠ്യപദ്ധതി
- ഭാഷാപഠനം

എന്നിവ ക്ലാസിൽ ചർച്ചചെയ്ത് ഇവയെക്കുറിച്ച് പൂർണമായ ധാരണ നേടണം.

* പാലക്കാട് ജില്ലാ പഞ്ചായത്ത് ഹരിശ്രീ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച 'അഗ്ഗെദ് നായഗ' എന്ന ഹ്രസ്വചിത്രത്തിന്റെ ഒന്നും രണ്ടും ഭാഗങ്ങൾ കാണുക. ഇവ യൂട്യൂബിൽ ലഭ്യമാണ്.

  Aggedu Nayaga 1
  Aggedu Nayaga 2

* ഈ ഹ്രസ്വചിത്രം കണ്ടതിനുശേഷം ഇതുവരെ ചർച്ച ചെയ്ത പാഠ്യപദ്ധതി എത്രമാത്രം ഫലപ്രദമാണെന്ന് ചർച്ച ചെയ്യുക.

അവയ്ക്കായി ഏതാനും സൂചകങ്ങൾ.

- ➔ ഈ ഹ്രസ്വചിത്രം നമ്മോടു പറയുന്നതെന്ത്?
- ➔ കേരളത്തിലെ എല്ലാവരുടെയും മാതൃഭാഷ മലയാളം തന്നെ എന്ന് പറയാൻ കഴിയുമോ?
- ➔ എന്തുകൊണ്ടാണ് കേരളീയരായ ഇവർക്ക് മലയാളം ആശയവിനിമയത്തിന് സാധിക്കാതെ പോകുന്നത്?
- ➔ നിലവിലുള്ള പാഠ്യപദ്ധതി എല്ലാവർക്കും അനുയോജ്യമാകണമെങ്കിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്.
- ➔ പ്രാദേശിക പാഠ്യപദ്ധതി രൂപീകരിക്കുകയും പ്രാദേശിക പാഠങ്ങൾ നിർമ്മിക്കുകയും ചെയ്യേണ്ടതില്ലേ?
- ➔ കുട്ടികളുടെ അനുഭവ പരിസരത്തിന് പ്രാധാന്യം നൽകിയുള്ള പാഠ്യപദ്ധതിയല്ലേ ആവശ്യമായുള്ളത്?

പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾക്ക് പുറമേ സംസ്കാരം, ഭൂമിശാസ്ത്രം, ഭാഷ, ജീവിത സാഹചര്യങ്ങൾ എന്നിവയിലെ വൈവിധ്യം പരിഗണിച്ചുകൊണ്ട് കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ നടപ്പിലാക്കുന്നതിനായി പ്രാദേശിക പാഠ്യപദ്ധതി നിർമ്മിച്ചെടുക്കേണ്ടതുണ്ട്. ഭാഷ മാത്രമല്ല വ്യത്യാസപ്പെടുന്നത്, ഭൂമിശാസ്ത്രവും വ്യത്യസ്തമാണ്. കേരളത്തിൽ മലനാടും ഇടനാടും തീരപ്രദേശവുമുണ്ട്. കാലാവസ്ഥ, ഭൂപ്രകൃതി, കൃഷിയിടങ്ങൾ, കൃഷിയിനങ്ങൾ എല്ലാം ഇവിടെ പലവിധമായിരിക്കും. വ്യത്യസ്ത ഭൂമിശാസ്ത്ര മേഖലയിൽ താമസിക്കുന്നവർക്ക് ജീവിത സാഹചര്യവും സംസ്കാരവും വിഭിന്നമായിരിക്കും. കലാപാരമ്പര്യത്തിന്റെ കാര്യവും ഇതുപോലെയാണ്. തെയ്യവും തിറയും പൂതവും കുമ്മാട്ടിയുമൊക്കെ വടക്കൻ കേരളത്തിൽ പ്രധാന കലാരൂപങ്ങളാകുമ്പോൾ പടയണിയും, കുത്തിയോട്ടവുമൊക്കെ തെക്കൻ കേരളത്തിലെ കലാരൂപങ്ങളാകുന്നു.

നെൽകൃഷി കാര്യക്ഷമമായി നടക്കുന്നയിടങ്ങളിൽ ഞാറ്റുവേല, മുണ്ടകൻ, വിത, ഞാറ്, കൊയ്ത്ത്, മെതിക്കൽ തുടങ്ങിയ പലകാര്യങ്ങളെപ്പറ്റിയും ധാരണ കാണും. മൺപാത്ര നിർമ്മാണം നടക്കുന്ന സ്ഥലത്ത് മണ്ണിന്റെ ഘടനയും വെയിലിന്റെ സ്വഭാവവും ചർച്ചാ വിഷയമാകും. തെങ്ങ് സുലഭമായ നാട്ടിലാണ് കൊപ്രയുള്ളത്. കൊപ്രയാട്ടി എണ്ണയെടുക്കാനാണല്ലോ 'ചക്ക്' ഉപയോഗിക്കുന്നത്. ചക്ക് ഉപയോഗിക്കുന്നിടത്താണ് "ചക്കിന് വച്ചത് കൊക്കിനു കൊണ്ടു" എന്ന ചൊല്ലിന്റെ പിറവി. "പിള്ളാരല്ലേ പിണ്ണാക്കല്ലേ" എന്ന പ്രയോഗവും ഇവിടുന്ന് തന്നെ. "വടക്കിനി പൊന്ത്യാൽ തെക്കിനി താഴും" എന്ന പ്രയോഗത്തിന്റെ അർഥം മനസ്സിലാക്കണമെങ്കിൽ വടക്കിനി സ്ത്രീകൾക്കും തെക്കിനി പുരുഷന്മാർക്കും ഉള്ളതാണെന്ന ധാരണ നേടണം. അതിന് നാല്കെട്ട് അറിയണം.

മലയാളത്തിലെ ഭാഷഭേദങ്ങളിൽ സവിശേഷ പ്രാധാന്യം അർഹിക്കുന്നവയാണ് ലക്ഷദ്വീപ് മലയാളം. ജനവാസമുള്ള പത്തു ദ്വീപുകളിലും വൈവിധ്യം നിലനിൽക്കുന്നു എന്നത് ഏറെ ശ്രദ്ധേയമായ കാര്യമാണ്. മാത്രവുമല്ല ഒരു ദ്വീപിന്റെ വടക്കെ അറ്റത്തെയും തെക്കെ അറ്റത്തെയും ഭാഷ പരിശോധിച്ചാലും വൈവിധ്യങ്ങൾ കാണാൻ കഴിയും. മിനിക്കോയ് ദ്വീപിലെ ഭാഷ ഇവയിൽ നിന്നെല്ലാം തികച്ചും വ്യത്യസ്തമായിട്ടാണ് കണ്ടുവരുന്നത്. പൊതുവിൽ 'ജസരി' ഭാഷ എന്നാണ് ഇത് അറിയപ്പെടുന്നത്. 'പ' എന്ന ശബ്ദം പൊതുവെ 'ഫ' എന്ന ഉച്ചാരണ ഭേദത്തോടുകൂടിയാണ് ഉപയോഗിച്ചുവരുന്നത്. എവിടേക്കാണ് പോകേണ്ടത് എന്നത് 'ഏട്ക്ക ഫോണ്ടി'? എന്നാണ് പറയുക. പെണ്ണിനെ 'ഫെണ്ണ്' എന്നു പറയുന്നു.

ഇത്തരം വിഭിന്ന സാഹചര്യങ്ങളുള്ളപ്പോൾ പാഠ്യപദ്ധതിക്കൊപ്പം പ്രാദേശിക പാഠ്യപദ്ധതി കൂടി ഉണ്ടെങ്കിൽ മാത്രമേ പഠനം ജീവിതവുമായ പരിപൂർണമായി ബന്ധപ്പെടുകയുള്ളൂ. പ്രാദേശിക സവിശേഷതകൾ/വൈവിധ്യങ്ങൾ മുന്നിട്ടു നിൽക്കുന്ന മേഖലകൾ കണ്ടെത്തി അവയുടെ സവിശേഷതകൾ അടയാളപ്പെടുത്തുകയാണ് ആദ്യം വേണ്ടത്. അവിടുത്തെ ഭൂമിശാസ്ത്രം, ജീവിത സാഹചര്യങ്ങൾ, നാടോടിക്കലകൾ, ജീവിതം, സംസ്കാരം, തൊഴിൽ, പഴഞ്ചൊല്ലുകൾ തുടങ്ങിയവയെപ്പറ്റി ധാരണ നേടുകയും അറിവുകൾ ശേഖരിക്കുകയും ചെയ്യണം. അതിനായി സർക്കാർ വകുപ്പുകൾ, കലാകാരന്മാർ, മുതിർന്ന പൗരന്മാർ, പാരമ്പര്യത്തൊഴിലാളികൾ, ചരിത്രകാരന്മാർ തുടങ്ങിയവരുടെ സഹായം തേടുകയും വേണം.

ശേഖരിച്ച അറിവുകൾ പുസ്തക രൂപത്തിലോ മറ്റോ ആക്കി സൂക്ഷിക്കണം. ഈ അറിവുകൾ പങ്ക് വയ്ക്കുക എന്നതാണ് മറ്റൊരു പ്രധാനകാര്യം. ഈ പങ്ക് വയ്ക്കലിലൂടെ കേരളത്തിലെ പ്രാദേശിക പാഠങ്ങൾ ഒറ്റയ്ക്ക് നിൽക്കാതെ ഒരു സമന്വയം സാധ്യമാകും. കേരളത്തിലെ വിവിധ പ്രദേശങ്ങളിലെ വിദ്യാർഥികൾക്ക് പ്രാദേശിക പാഠങ്ങളെക്കുറിച്ച് പരസ്പര പരിചയം ഉണ്ടാകുന്നു എന്നതാണ് മറ്റൊരു മെച്ചം.

ഭാഷയ്ക്കുള്ളിൽത്തന്നെയുള്ള രീതി ഭേദത്തെക്കുറിച്ചും അറിവ് നേടേണ്ടതുണ്ട്. ഇതിനെ നമുക്ക് ഭാഷാഭേദം എന്ന് വിളിക്കാം. **ഒരു പ്രത്യേക സ്ഥലത്ത് നിലവിലുള്ളതോ പ്രത്യേക വിഭാഗത്തിൽ നടപ്പുള്ളതോ ആയ ഭാഷയാണ് ഭാഷാഭേദം.** ഭാഷാഭേദങ്ങൾ ഉണ്ടാകുന്നതിന് ആഭ്യന്തരവും ബാഹ്യവുമായ കാരണങ്ങളുണ്ടാവാം. ആഭ്യന്തര കാര്യങ്ങളെക്കാൾ ബാഹ്യകാരണങ്ങൾ മൂലമാണ് ഇതുണ്ടാവുക. അവ ചിലത് പരിശോധിക്കാം.

1. **വർണവികാരം:** ഒരേപദം തന്നെ ഉച്ചാരണഭേദങ്ങളോടെ പല ദിക്കിലും ഉപയോഗിക്കും. ജ്യേഷ്ഠൻ ചേട്ടനും ഏട്ടനും ആകും അവൻ, അവൾ എന്നിവ ഓനും ഓളും ആകും.

2. **രൂപപരിണാമം:** വടക്കേ മലബാറിൽ പോയി എന്നത് പോയിന എന്ന് പ്രയോഗിക്കും. ഇന്നലെ, നാളെ എന്നീ പദങ്ങൾ ചിലയിടത്ത് എ കാരാന്തത്തിന് പകരം അ കാരാന്തങ്ങൾ ആകും.

3. **സാദൃശ്യവിഭ്രമം:** സമാനസ്വഭാവമുള്ള ഒരു കൂട്ടം പ്രയോഗങ്ങളുമായുള്ള പരിചയം കൊണ്ട് അവയുമായി സാമ്യമുണ്ടെന്ന് തോന്നുന്ന മറ്റു രൂപങ്ങൾക്കും നൽകും. സഹിക്കബിൾ, പെണ്ണിഷ് ഇങ്ങനെ ഉദാഹരണങ്ങൾ കണ്ടെത്താം.

4. **വിദേശീയാക്രമണം:** സംസ്കാര സങ്കലനത്തിനും മിശ്രഭാഷാ രൂപീകരണത്തിനും അങ്ങനെ ഭാഷാഭേദത്തിനും ഇത് കാരണമാകുന്നു.

5. **കുടിയേറ്റം:** ദ്രാവിഡമേഖലകളിലേക്ക് കുടിയേറിപ്പാർത്ത ആര്യന്മാർ സാഹിത്യഭാഷയിൽ വരുത്തിയ മാറ്റങ്ങൾ ഇതിനുദാഹരണമാണ്. സങ്കരഭാഷ, തലമുറകൾ കഴിയുമ്പോൾ ആ പ്രദേശത്തുള്ളവരുടെ മാതൃഭാഷയാകും. ഇത്തരം ഭാഷകളാണ് വെങ്കലഭാഷകൾ.

6. **കടം കൊള്ളൽ:** സമ്പർക്കത്തിലേർപ്പെടുന്ന ഭാഷകൾ സ്വാഭാവികമായും പദങ്ങളും പ്രയോഗങ്ങളും അന്യോന്യം സ്വീകരിക്കാറുണ്ട്. തത്സമം, തത്ഭവം, അപഭ്രംശം എന്നീ രീതികളിൽ പദസ്വീകരണം നടക്കും.

7. **ഭൂസ്ഥിതിപരമായ അകൽച്ച:** തിരുവനന്തപുരം ഭാഷ, കോട്ടയം ഭാഷ, തൃശ്ശൂർ ഭാഷ, കോഴിക്കോടൻ ഭാഷ എന്നിങ്ങനെ ദേശഭേദമനുസരിച്ചും ഭാഷാ ഭേദങ്ങൾ ഉണ്ടാകാം.

ഇത്തരത്തിലുള്ള ഭാഷാ ഭേദങ്ങളുടെ കണ്ടെത്തൽ ഏറെ രസകരമാണ്. മാറിക്കൊണ്ടിരിക്കുന്ന കാലത്ത് നാടൻ കല, നാടൻ തൊഴിൽ, വാമൊഴി സാഹിത്യം എന്നിവയുടെ രേഖപ്പെടുത്തലും സംരക്ഷണവുമാണ് വേറൊരു മെച്ചം. ഈ രേഖപ്പെടുത്തലുകൾ വരും കാലങ്ങളിൽ താരതമ്യ പഠനങ്ങൾക്ക് ഉപയോഗപ്പെടുത്താനുമാവും.

വിദ്യാഭ്യാസ മേഖലയിൽ ഇത്തരം വഴക്കമുള്ള പാഠ്യപദ്ധതി കൊണ്ടുവരുന്നതിലൂടെ കുട്ടിയുടെ അനുഭവ പരിസരത്തെ സമഗ്രമായി ഉൾക്കൊള്ളാനും സാധിക്കും.

### പ്രവർത്തനങ്ങൾ

1. "ആറ് മലയാളിക്ക് നൂറ് മലയാളം" എന്ന ചൊല്ലിനെ ആസ്പദമാക്കി ഒരു ചർച്ച സംഘടിപ്പിക്കുക. ആ ചർച്ചയെ അടിസ്ഥാനമാക്കി കേരളത്തിന്റെ വിവിധ ജില്ലകളിൽ, വിവിധ സ്ഥലങ്ങളിൽ ഉപയോഗിക്കുന്ന മലയാള പദങ്ങളെ ഉൾപ്പെടുത്തി ഒരു പ്രാദേശിക ഭാഷാ നിഘണ്ടു തയാറാക്കുക.
2. സ്വന്തം പ്രദേശത്തിനനുസൃതമായി ഒരു പാഠനിർമാണം നടത്തുന്നതിന് വിദഗ്ധരുടെ സാന്നിധ്യം കൂടി ഉറപ്പാക്കി ഒരു പ്രാദേശിക പാഠനിർമ്മാണ - ശില്പശാല സംഘടിപ്പിക്കുക.
3. യു.പി. ക്ലാസുകളിലെ എല്ലാ പാഠഭാഗങ്ങളും വിശകലനം നടത്തി അവയിൽ ഭാഷാഭേദങ്ങളുടെയും പ്രാദേശിക പാഠങ്ങളുടെയും ഉപയോഗം എത്രത്തോളം ഉണ്ടെന്ന് കണ്ടെത്തുക. പാഠഭാഗങ്ങൾക്ക് അനുപൂരകമായ പ്രാദേശിക പാഠങ്ങൾ നിർമ്മിക്കാൻ കഴിയുമോ എന്നതിനെ ആസ്പദമാക്കി ചർച്ച.
5. കണ്ടെത്തിയ പ്രാദേശിക പരിഗണനകളും പദങ്ങളും സാംസ്കാരിക പശ്ചാത്തലവും പരിഗണിച്ച് ഈ യൂണിറ്റ് ചർച്ചചെയ്ത ആശയങ്ങളുടെ അടിസ്ഥാനത്തിൽ ഒരു പ്രാദേശിക പാഠം നിർമ്മിക്കുക.

### സഹായക ഗ്രന്ഥങ്ങൾ


1. ഭാഷാവിജ്ഞാനീയം, ഡോ. ഇ.വി.എൻ. നമ്പൂതിരി, പൂർണ പബ്ലിക്കേഷൻസ് - 2002
2. സാമൂഹിക ഭാഷാ വിജ്ഞാനം, ഡോ. ഉഷ നമ്പൂതിരിപ്പാട്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - 1994
3. കേരള ഫോക്‌ലർ, എഡി. രാഘവൻ പയ്യനാട്, എഫ്.എഫ്.എം. പബ്ലിക്കേഷൻസ് - 1997
4. നമ്മുടെ ഭാഷ, ഇ.എം.എസ്. നമ്പൂതിരിപ്പാട്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - 1997
5. പാഠ്യപദ്ധതി സിദ്ധാന്തം, രവിശങ്കർ എസ് നായർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - 2007
6. തെളി മലയാളം, എം.എൻ. കാരശേരി, ഡി.സി. ബുക്ക്സ് - 2017

## മലയാളം - പേപ്പർ - 403

## യൂണിറ്റ് – 3

## ബോധനശാസ്ത്രം /വ്യവഹാര രൂപങ്ങളുടെ വളർച്ചയും ഭാഷാ പ്രയോഗ സാധ്യതകളും

പ്രൈമറി ക്ലാസിലെ അധ്യാപന പരിചയത്തിന്റെ അടിസ്ഥാനത്തിൽ പഠനനേട്ടങ്ങളെയും വ്യവഹാര രൂപങ്ങളെയും കുറിച്ച് ധാരണ നേടിയിട്ടുണ്ടെങ്കിലും അവയുടെ വളർച്ചയെക്കുറിച്ചും ചാക്രികാരോഹണ സാധ്യതയെക്കുറിച്ചും നാം ആഴത്തിൽ പരിചയപ്പെടേണ്ടതുണ്ട്. പ്രൈമറി ക്ലാസിലെ വ്യവഹാര രൂപങ്ങൾ യു.പി.ക്ലാസിൽ ആവർത്തിക്കപ്പെടുന്നുണ്ടോ എന്നും ഒരു ക്ലാസിൽ തന്നെ വ്യവഹാരരൂപങ്ങൾ എത്രത്തോളം ആവർത്തിക്കപ്പെടുന്നുണ്ട് എന്നും തിരിച്ചറിയുമ്പോഴാണ് ഭാഷാപഠനത്തിന്റെ ശക്തിയും ദൗർബല്യങ്ങളും നമുക്ക് ബോധ്യപ്പെടുക.

വ്യവഹാര രൂപങ്ങളുടെ വളർച്ച എന്നത് സൂക്ഷ്മമായി പരിശോധിക്കേണ്ടതും വിലയിരുത്തേണ്ടതുമായ ഒരു കാര്യമാണ്. അതിന് സാധ്യമാകണമെങ്കിൽ ഓരോ വ്യവഹാരത്തിന്റെയും നിലവാര സൂചകങ്ങൾ കൂടി പരിഗണിക്കേണ്ടതുണ്ട്. ഇങ്ങനെ നോക്കുമ്പോൾ വ്യവഹാര തലത്തിലും ഭാഷാപ്രയോഗത്തിലും ആശയ തലത്തിലും അവ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് വേർതിരിച്ചറിഞ്ഞാൽ മാത്രമേ വ്യവഹാരങ്ങളുടെ വളർച്ചയെക്കുറിച്ചുള്ള ധാരണ കൃത്യതപ്പെടുത്താൻ കഴിയുകയുള്ളൂ.

ഒരേ വ്യവഹാര രൂപങ്ങളുടെ പുനരവതരണം വ്യത്യസ്ത ക്ലാസുകളിൽ/നിലവാരത്തിൽ വ്യവഹാര രൂപങ്ങൾ എത്തി നിൽക്കുന്നു എന്നറിയുന്നതിന് ധാരാളം ഉദാഹരണങ്ങളിലൂടെ കടന്നുപോകേണ്ടതുണ്ട്. ഉദാഹരണമായി 'കത്ത്' എന്ന വ്യവഹാര രൂപം രണ്ടാം ക്ലാസിലും നാലാം ക്ലാസിലും ഏഴാം ക്ലാസിലും രൂപപ്പെടുത്തുമ്പോൾ തീർച്ചയായും അവയുടെ വളർച്ച അധ്യാപികയ്ക്ക് ബോധ്യപ്പെടണമല്ലോ? ഇതിന് രണ്ടുതരത്തിലുള്ള ധാരണകൾ നേടേണ്ടതുണ്ട്. ഒന്ന് വ്യവഹാരരൂപങ്ങളുടെ ഘടനയെ സംബന്ധിച്ചത്. മറ്റൊന്ന് ഭാഷാപരവും ആശയപരവുമായ വളർച്ചയെ സംബന്ധിച്ചത്. ഇത് രണ്ടും സൂക്ഷ്മതലത്തിൽ പരിശോധിക്കുമ്പോൾ മാത്രമേ വ്യവഹാര രൂപങ്ങളുടെ വളർച്ചയെ സംബന്ധിച്ച ധാരണ കൃത്യമായി രൂപീകരിക്കാൻ കഴിയുകയുള്ളൂ. അതോടൊപ്പം കുട്ടിക്ക് ലഭിച്ച വിഷയങ്ങളുടെ ആശയധാരണകളുടെ ആഴവും പരപ്പും കൂടി അധ്യാപിക മനസ്സിലാക്കേണ്ടതുണ്ട്.

യു.പി തലങ്ങളിലെ വ്യവഹാരരൂപങ്ങളെ ഒറ്റനോട്ടത്തിൽ പരിചയപ്പെടാം.

**വ്യവഹാര രൂപങ്ങൾ**

| ക്ലാസ് - 5 | ക്ലാസ് - 6 | ക്ലാസ് - 7 |
|---|---|---|
| ജീവചരിത്രക്കുറിപ്പ്<br>വിവരണം<br>നാടകം (ചാക്രികത - 3)<br>കഥാപാത്ര നിരൂപണം<br>(ചാക്രികത - 4)<br>കഥാരചന<br>സന്ദേശം തയാറാക്കൽ<br>വാർത്താവതരണം<br>നിഗമനങ്ങൾ അവതരിപ്പി-<br>ക്കൽ<br>ഉപന്യാസം (ചാക്രികത-4)<br>ആസ്വാദനക്കുറിപ്പ്<br>(ചാക്രികത - 2)<br>വിശകലനക്കുറിപ്പ് (2)<br>വ്യാഖ്യാനം<br>(പഴഞ്ചൊൽ) (2)<br>ചർച്ചാക്കുറിപ്പ് (3)<br>താരതമ്യക്കുറിപ്പ് (2)<br>ചിത്രകഥ തയാറാക്കൽ<br><br>വായനാക്കുറിപ്പ്<br>കത്ത് (2)<br>ഔചിത്യം കണ്ടെത്തൽ<br>അനുഭവക്കുറിപ്പ് (3)<br>ആത്മകഥാകുറിപ്പ്<br>പ്രസംഗം (2)<br>വർണ്ണന തയാറാക്കൽ (2)<br>അഭിപ്രായക്കുറിപ്പ്<br>വാങ്മയചിത്രം<br>പതിപ്പ് തയാറാക്കൽ<br>പ്രയോഗഭംഗി കണ്ടെത്തൽ<br>അഭിമുഖം | വിശകലനക്കുറിപ്പ്<br>കാവ്യാലാപനം<br>കഥ പറയൽ<br>താരതമ്യക്കുറിപ്പ് (5)<br><br>വിശകലനക്കുറിപ്പ് (10)<br>ദൃക്സാക്ഷി വിവരണം<br>ചർച്ചാക്കുറിപ്പ്<br>ചർച്ചാക്കുറിപ്പ് (4)<br>അഭിപ്രായക്കുറിപ്പ് (4)<br>ആസ്വാദനക്കുറിപ്പ് (4)<br>സംഭാഷണം (3)<br>വായനാക്കുറിപ്പ്<br>കഥാപാത്ര നിരൂപണം (4)<br>ജീവചരിത്രക്കുറിപ്പ്<br>ഉപന്യാസം (3)<br>വർണന (2)<br><br>പ്രതികരണക്കുറിപ്പ്<br>അഭിപ്രായക്കുറിപ്പ്<br>ലഘുനാടക രചന | കത്ത്<br>ഡയറിക്കുറിപ്പ്<br>കഥ (3)<br>യാത്രാവിവരണം<br>വായനക്കുറിപ്പ്<br>പത്രവാർത്ത<br>താരതമ്യക്കുറിപ്പ്<br>ഡയറിക്കുറിപ്പ്<br>ലഘൂപന്യാസം (3)<br>വിവരണക്കുറിപ്പ്<br>വിസ്മയചിത്രം (2)<br>സ്വഭാവനിരൂപണം<br>കഥാപാത്രനിരൂപണം<br>താരതമ്യം ചെയ്യൽ (3)<br>അനുഭവക്കുറിപ്പ് (3)<br>കവിതാരചന (2)<br>വിശകലനക്കുറിപ്പ് (3)<br>അന്വേഷണക്കുറിപ്പ്<br>വിലയിരുത്തൽ കുറിപ്പ്<br><br>പോസ്റ്റർ<br>കവിതാലാപനക്കുറിപ്പ്<br>ചർച്ചാക്കുറിപ്പ്<br>വിവരണക്കുറിപ്പ് |

*പ്രവർത്തനം*

- *പട്ടിക പരിശോധിച്ച്, മൂന്ന് ക്ലാസിലും വരുന്ന വ്യവഹാര രൂപങ്ങൾ കണ്ടെത്തി അവയുടെ വളർച്ച പരിശോധിക്കുക.*

ഓരോ ക്ലാസിലും ഏറ്റവും അടിസ്ഥാനപരമായി പരിഗണിക്കുന്നവയാണല്ലോ പഠനനേട്ട ങ്ങൾ. അവ എന്താണ് എന്ന് മനസ്സിലാക്കി അവയുടെ വളർച്ചയും പരിശോധിക്കേണ്ടതുണ്ട്.

പഠനനേട്ടങ്ങൾ വായിച്ചതിന്റെ അടിസ്ഥാനത്തിൽ മാതൃകയായി 5, 6, 7, ക്ലാസിലെ കവിത കളുടെ പഠനവുമായി ബന്ധപ്പെട്ട വ്യവഹാരരൂപങ്ങൾ പരിശോധിക്കാം.

**ക്ലാസ് – 5**

- മാതൃഭാഷയുടെ മഹത്വം പ്രതിപാദിക്കുന്ന കവിതകൾ വായിച്ച് ഈണം, താളം എന്നിവ കണ്ടെത്തി ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ഭൂമിയുടെ പരിവർത്തനത്തിന് മനുഷ്യൻ നടത്തിയ പ്രവർത്തനങ്ങൾ പ്രമേയമായ കവി തകൾ വായിച്ച് ആസ്വാദനക്കുറിപ്പ്, ചർച്ചാക്കുറിപ്പ് എന്നിവ തയാറാക്കുന്നു.
- നർമ്മരസപ്രധാനമായ കഥകൾ, കവിതകൾ എന്നിവ വായിച്ച് ആസ്വദിക്കുകയും വിവിധ ആവിഷ്കാരങ്ങളിലൂടെ (കാർട്ടൂൺ, ചിത്രം, മൂകാഭിനയം, നാടകം) പ്രകടിപ്പിക്കുകയും ചെയ്യുന്നു.
- കവിതകൾക്കനുയോജ്യമായ ഈണം, താളം എന്നിവ കണ്ടെത്തി സാഹിത്യ സമാജം, കവിയരങ്ങ് തുടങ്ങിയ പരിപാടികളിൽ അവതരിപ്പിക്കുന്നു.
- പ്രകൃതിസ്നേഹം അടിസ്ഥാനമാക്കിയുള്ള കഥകൾ, കവിതകൾ ലേഖനങ്ങൾ എന്നിവ തിരഞ്ഞെടുത്ത് വായിച്ച് കുറിപ്പുകൾ തയാറാക്കുന്നു.

**ക്ലാസ്സ് – 6**

- ആശയം, താളം, ഭാവം എന്നിവ തിരിച്ചറിഞ്ഞ് കവിത ഈണത്തിൽ ചൊല്ലി അവതരി പ്പിക്കുന്നു.
- കവിതയുടെ ആശയം/പ്രയോഗഭംഗി, ചമൽക്കാരം എന്നിവ ഉൾക്കൊണ്ട് ആസ്വദിക്കു കയും വിശദീകരിക്കുകയും ചെയ്യുന്നു.
- സാഹിത്യകൃതികളിലെ വാങ്മയചിത്രങ്ങൾ വായിച്ചാസ്വദിച്ച് വർണ്ണനകൾ/ദൃക്സാക്ഷി വിവരണങ്ങൾ എന്നിവ തയാറാക്കുന്നു.
- മഹാകവികളുടെ പ്രസിദ്ധങ്ങളായ വരികൾ ശേഖരിക്കുന്നു.
- കവിതയിലെ ആശയം, പ്രയോഗഭംഗി, പദച്ചേർച്ച എന്നിവ സ്വന്തം കാഴ്ചപ്പാടോടെ വ്യാഖ്യാനിച്ച് ആസ്വാദനക്കുറിപ്പ് തയാറാക്കുന്നു.
- പദങ്ങൾ, പ്രയോഗങ്ങൾ, ചൊല്ലുകൾ, ശൈലികൾ എന്നിവയുടെ ആശയവും സവിശേ ഷതയും മനസ്സിലാക്കി സ്വന്തം രചനകളിൽ ഉപയോഗിക്കുന്നു.

- കവിതയിലെ ആശയം, പ്രയോഗഭംഗി, പ്രയോഗ സവിശേഷതകൾ എന്നിവ കണ്ടെത്തി വിശദീകരിക്കുന്നു.
- സൂചകങ്ങൾ വികസിപ്പിച്ച് സ്വന്തം ആലാപനവും മറ്റുള്ളവരുടെ ആലാപനവും വിലയിരുത്തുന്നു.
- നാടൻപാട്ടുകൾ താളത്തോടെ ഭാവാത്മകമായി പാടി അവതരിപ്പിക്കുകയും ഹൃദിസ്ഥമാക്കുകയും ചെയ്യുന്നു.
- കവിതയുടെ ആശയം, ഭാവം എന്നിവ ഉൾക്കൊണ്ട് ഹൃദിസ്ഥമാക്കി ഈണത്തിൽ ആലപിക്കുന്നു.

**ക്ലാസ് - 7**

- കവിതയ്ക്കുള്ളിലെ ആശയം, ചമൽക്കാരം, ബിംബകല്പന, വാങ്മയചിത്രം എന്നിവ കണ്ടെത്തുന്നു.
- കവിതയുടെ രചനാരീതി, സാമൂഹ്യപ്രസക്തി, വൈവിധ്യം തുടങ്ങിയ സവിശേഷതകൾ പരിഗണിച്ചും സ്വന്തം കാഴ്ചപ്പാടുകൾ ഉൾക്കൊള്ളിച്ചും ആസ്വാദനം വാചികമായി അവതരിപ്പിക്കുകയും എഴുതി തയാറാക്കുകയും ചെയ്യുന്നു.
- കവിതകളിലെ താളവൈവിധ്യം തിരിച്ചറിഞ്ഞ് അവ ഹൃദിസ്ഥമാക്കി യോജിച്ച താളത്തിൽ ചൊല്ലുകയും ഏതെങ്കിലും ആവിഷ്കാര രൂപത്തിൽ (ചൊൽക്കാഴ്ച, സംഗീതശില്പം) അവതരിപ്പിക്കുകയും ചെയ്യുന്നു.
- കവിതകളിലെ സവിശേഷമായ ആശയതലം, ബിംബകൽപ്പന, പ്രതീകങ്ങൾ എന്നിവ കണ്ടെത്തുന്നു.
- കവിതയുടെ രചനാരീതിയും സവിശേഷമായ പ്രയോഗങ്ങളും തിരിച്ചറിയുന്നു.
- കവിതകൾ ആശയത്തിനും ഭാവത്തിനും താളത്തിനും അനുസരിച്ച് ഈണത്തിൽ ചൊല്ലി അവതരിപ്പിക്കുന്നു.
- കാവ്യഭാഗം ഒറ്റയ്ക്കും സംഘമായും അഭിനയിച്ച് അവതരിപ്പിക്കുന്നു.
- കവിതയിലെ കഥാപാത്രത്തിന്റെ മാനസികാവസ്ഥ കണ്ടെത്തി വിശകലനം ചെയ്യുന്നു.
- കവിതാഭാഗത്തു നിന്ന് നേടിയ ഭാഷാപരവും ആശയപരവുമായ ശേഷികൾ പ്രയോജനപ്പെടുത്തി സർഗാത്മക രചനകളിൽ ഏർപ്പെടുന്നു.

***പ്രവർത്തനം***

- *മൂന്നു ക്ലാസിലും ആവർത്തിച്ചു വരുന്ന വ്യവഹാരരൂപങ്ങൾ പട്ടികപ്പെടുത്തുക.*
- *വ്യവഹാരരൂപങ്ങളുടെ സൂചകങ്ങൾ, പഠനനേട്ടങ്ങൾ എന്നിവ പരിശോധിച്ച് ഇവയുടെ വളർച്ച കണ്ടെത്തുക.*

**വിശകലനത്തിന് പരിഗണിക്കേണ്ടവ**

- ഓരോ ക്ലാസിലെയും പഠനനേട്ടങ്ങളുടെ വളർച്ച
- വ്യവഹാര രൂപങ്ങളുമായുള്ള ബന്ധം
- 
- 

**വ്യവഹാര രൂപങ്ങളുടെ വിലയിരുത്തൽ സൂചകങ്ങൾ**

കവിതയുമായി ബന്ധപ്പെട്ട പഠനനേട്ടങ്ങൾ കുട്ടിക്ക് ലഭിക്കണമെങ്കിൽ ധാരാളം പ്രവർത്തനങ്ങൾ ക്ലാസ്റൂമിൽ നടക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ ആസ്വാദനക്കുറിപ്പ് എന്ന വ്യവഹാര രൂപം കുട്ടികൾക്ക് രൂപപ്പെടുത്താൻ കഴിയുകയുള്ളൂ. ഏഴാംക്ലാസ്സിലെ (ടീച്ചർ ടെക്സ്റ്റ് പേജ് - 214) 'കവിതാപഠനം' എന്ന ഭാഗത്ത് അവതരിപ്പിച്ച പ്രക്രിയ പൂർത്തീകരിച്ചതിനു ശേഷം സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ആസ്വാദനക്കുറിപ്പിനെ വിലയിരുത്തുമ്പോഴാണ് കുട്ടിക്ക് താൻ തയാറാക്കിയ വ്യവഹാരരൂപത്തിന്റെ വളർച്ചയുടെ തലം ബോധ്യപ്പെടുക. ഇവിടെയാണ് ഓരോ വ്യവഹാരത്തിന്റെയും വിലയിരുത്തൽ സൂചകങ്ങൾ പ്രസക്തമായി ത്തീരുന്നത്.

ഉദാ:- സൂചകങ്ങൾ

- പ്രധാനാശയങ്ങൾ കണ്ടെത്തിയിട്ടുണ്ട്.
- കവിതയിലെ ആസ്വാദനാംശങ്ങൾ (പ്രയോഗങ്ങൾ, ശൈലികൾ മുതലായവ) കണ്ടെത്തിയിട്ടുണ്ട്.
- കാവ്യഭംഗിയുള്ള വരികൾ കണ്ടെത്തിയിട്ടുണ്ട്.
- മറ്റു രചനകളിലെ ആശയങ്ങളുമായി താരതമ്യം ചെയ്തിട്ടുണ്ട്.
- സ്വന്തം കാഴ്ചപ്പാടിനനുസരിച്ചുള്ള വിലയിരുത്തൽ നടത്തിയിട്ടുണ്ട്.
- ആശയത്തെ വ്യക്തമായി വിനിമയം ചെയ്യുന്നതിന് ഉചിതമായ ഭാഷ (വാക്യഘടന, പ്രയോഗങ്ങൾ, ശൈലികൾ, ബിംബങ്ങൾ മുതലായവ) ഉപയോഗിച്ചിട്ടുണ്ട്.
- ഇങ്ങനെ ഓരോ വ്യവഹാര രൂപങ്ങളുടെയും വിലയിരുത്തൽ സൂചകങ്ങൾ പരിഗണിച്ച് വിലയിരുത്തുമ്പോൾ മാത്രമേ വ്യവഹാര രൂപങ്ങളുടെ വളർച്ച മനസ്സിലാക്കാൻ കഴിയുകയുള്ളൂ.

***പ്രവർത്തനം***

- *നാലാംക്ലാസിലെയും ഏഴാംക്ലാസിലെയും യാത്രാവിവരണം താരതമ്യം ചെയ്ത് പരിശോധിച്ച് നോക്കുക.*

### *യാത്രാവിവരണം (ക്ലാസ്സ് - 4 )*

*ഇന്ന് ഞാൻ ഗുജറാത്തിലേക്ക് പോകുന്ന ദിവസമാണ്. അതിനുവേണ്ടി വണ്ടി കാത്ത് നിൽക്കുകയാണ് ഞാനും എന്റെ കൂട്ടുകാരും എന്റെ അമ്മയും ചേട്ടനുമെല്ലാം. വണ്ടി വന്നു. രാത്രിയാണ് വേഗം ഉറങ്ങിപ്പോയി. പിറ്റേന്ന് എന്റെ പിറന്നാളായിരുന്നു. മലകളും പുഴകളും കാണാത്ത കാഴ്ചകളെല്ലാം ഞാൻ അന്ന് കണ്ടു. പറഞ്ഞറിയിക്കാൻ പറ്റുന്നില്ല. അത്രയും മനോഹരമായ കാഴ്ചകൾ .ഞങ്ങൾ ബസ്സിലായിരുന്നു പോയത്. അതു മാത്രമല്ല കുറേ കൂട്ടുകാരും. എല്ലാവരും അടിച്ചുപൊളിച്ചു. പാട്ടും ഡാൻസും എല്ലാം. മാത്രമല്ല മഴവില്ലും ഞാൻ കണ്ടു. ഒരാഴ്ചയോളം നീണ്ട യാത്രയായിരുന്നു അത്. ആ യാത്രയിൽ മറക്കാനാവാത്ത ഒരു കാര്യമുണ്ടായിരുന്നു. എന്റെ പിറന്നാൾ ആഘോഷം. കേക്കും പാർട്ടിയുമെല്ലാം ബസ്സിൽ വച്ചു തന്നെ ആഘോഷിച്ചു. മാത്രമല്ല മുകളിലൂടെയുള്ള യാത്ര വളരെ രസകരമായിരുന്നു. ഒരിക്കലും മറക്കാനാവാത്ത ദിവസങ്ങൾ*

***അദ്വൈത്. ടി.എസ്***

### *യാത്രാവിവരണം (ക്ലാസ്സ് - 7)*

*ഒരു ദിവസം അതിരാവിലെ പ്രഭാതകാര്യങ്ങളൊക്കെ കഴിഞ്ഞ് ഭക്ഷണം കഴിക്കുന്ന സമയത്ത് വല്യച്ഛൻ വന്ന് പറഞ്ഞു.*

*നമുക്ക് ഒരു വിനോദയാത്രക്ക് പോകാമെന്ന് അപ്പോൾ ഞങ്ങളെല്ലാവരും ആകാംക്ഷയോടെ പോകാമെന്ന് സന്തോഷത്തോടെ പറഞ്ഞു. അപ്പോൾ തന്നെ സാധനങ്ങൾ ബാഗിലേക്ക് എടുത്തുവച്ചു. വസ്ത്രങ്ങളും. പഴങ്ങളും, മറ്റുസാധനങ്ങളും എടുത്തുവച്ചു. അച്ഛൻ അപ്പോൾ ഫോണിലൂടെ കാർ ബുക്ക് ചെയ്തു. രണ്ടുമണിക്കൂറിനുശേഷം ഡ്രൈവർ കാറും കൊണ്ട് വന്ന് ഞങ്ങൾ കാറിൽ കയറി ഊട്ടിയിലേക്ക് യാത്ര തുടങ്ങി. പോകുന്ന വഴിയിൽ മരങ്ങളും ചെടികളും മറ്റു മനോഹരമായ കാഴ്ചകളും കണ്ടു. ഊട്ടിയിൽ എത്തിയപ്പോൾ നല്ല തണുപ്പായിരുന്നു. ഞാൻ അറിയാതെ മയങ്ങിപ്പോയി. ഞാൻ ഒരു ഉറക്കം കഴിഞ്ഞ് കണ്ണുതുറന്ന് നോക്കിയപ്പോൾ എനിക്കു സെറ്റർ പുതപ്പിച്ചിരിക്കുന്നു. എനിക്കു തോന്നി സെറ്റർ പുതപ്പിച്ചിരിക്കുന്നത് അമ്മയായിരിക്കുമെന്ന്. തണുപ്പുമാറാനായി ഒരു ചായക്കടയിൽ നിർത്തി നല്ല ചൂടുചായ കുടിച്ചു. അപ്പോൾ അകത്ത് ചൂടും പുറത്ത് തണുപ്പുമായിരുന്നു. രാത്രിയായപ്പോൾ ഞങ്ങൾ ഒരു ലോഡ്ജിൽ താമസിച്ചു. അന്ന് പെറോട്ടയും ചിക്കനുമാണ് കഴിച്ചത്. പിറ്റേദിവസം ഊട്ടിയിലെ ഫ്ളവർ ഗാർഡനും കണ്ട് ഞങ്ങൾ മടങ്ങി. തിരിച്ചു പോകുമ്പോൾ യൂക്കാലി മരങ്ങളുടെ മണവും എല്ലാം എന്നെ.....................................*

1. മലയാളത്തിലെ പ്രധാനപ്പെട്ട വ്യവഹാര രൂപങ്ങൾ പരിശോധിച്ച് 4, 7 ക്ലാസ്സുകളിലേക്കുള്ള നിലവാര സൂചനകൾ തയാറാക്കുക.

**റഫറൻസ്**

- പടവുകൾ

# മലയാളം - പേപ്പർ - 403

## വിദ്യാലയ അനുഭവവും മൂല്യനിർണയവും

## യൂണിറ്റ് - 4

**അപ്പർപ്രൈമറി ക്ലാസിലെ വിദ്യാലയ അനുഭവ പരിപാടി.**

**ആമുഖം**

ഏറെക്കുറെ എല്ലാ വിഷയങ്ങളും കൈകാര്യം ചെയ്യുന്ന ക്ലാസധ്യാപക രീതിയാണ് പ്രൈമറി തലത്തിൽ നിലനില്ക്കുന്നത്. പ്രൈമറി തലത്തിലെ വിദ്യാലയ അനുഭവ പരിപാടിയിൽ നിന്നും വ്യത്യസ്തമായി ഒന്നോ രണ്ടോ വിഷയങ്ങൾ മാത്രം കൈകാര്യം ചെയ്യുന്ന സബ്ജക്ട് ടീച്ചർ രീതിയിലേക്ക് അപ്പർ പ്രൈമറി ക്ലാസിലെ പാഠ്യപദ്ധതി വിനിമയം ചെയ്യുന്ന അധ്യാപിക മാറുന്നു. വിഷയത്തിന്റെ ഉയർന്ന തലങ്ങളിലേക്ക് മാറുന്നതും ഈ ഘട്ടത്തിലാണ്.

മാതൃഭാഷയിൽ ഏറെക്കുറെ എല്ലാ സാഹിത്യ മാതൃകകളും വ്യവഹാര രൂപങ്ങളും ഈ ഘട്ടത്തിൽ പരിചയപ്പെടുത്തേണ്ടതുണ്ട്. വ്യവഹാര രൂപങ്ങളുടെ കൂടുതൽ സവിശേഷതകളും, ഭാഷാ പ്രയോഗങ്ങളുടെ ഉയർന്ന സാധ്യതകളും പരിഗണിച്ചാണ് പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രൈമറി തലത്തിൽ ഉൾപ്പെടുത്താതിരുന്ന സാഹിത്യ പ്രസ്ഥാനങ്ങൾ, തിരക്കഥ പോലുള്ള സാഹിത്യ രൂപങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നതും അപ്പർ പ്രൈമറി ക്ലാസിലാണ്. അതുകൊണ്ടു തന്നെ അപ്പർ പ്രൈമറി തലത്തിലെ സ്കൂൾ അനുഭവ പരിപാടിയിൽ മാതൃഭാഷ വിനിമയം ചെയ്യുന്ന അധ്യാപക വിദ്യാർഥികൾക്ക് കൂടുതൽ ആഴത്തിലുള്ള ധാരണകൾ ലഭ്യമാക്കേണ്ടതുണ്ട്. അപ്പർ പ്രൈമറിയിലെ ഭാഷാകരിക്കുലം, പാഠപുസ്തകങ്ങളുടെ ഉള്ളടക്കം, വിനിമയതന്ത്രങ്ങൾ, അനുയോജ്യങ്ങളായ പഠന സാമഗ്രികൾ, വിലയിരുത്തലിന്റെ രീതിശാസ്ത്രം, മാതൃഭാഷയുടെ വിനിമയത്തിനും, വികാസത്തിനും വിദ്യാലയങ്ങളിൽ നടക്കുന്ന മറ്റ് പ്രവർത്തനങ്ങൾ, എന്നിങ്ങനെ വൈവിധ്യമാർന്ന മേഖലകളിൽ ധാരണകൾ നേടുന്ന വിധത്തിലാണ് ഈ യൂണിറ്റ് വിനിമയം ചെയ്യുന്നത്.

**യൂണിറ്റിലൂടെ കടന്നുപോകുമ്പോൾ**

4-1- ഒന്നാംഘട്ട വിദ്യാലയ അനുഭവ പരിപാടി - തിരിച്ചറിവുകളും സാധ്യതകളും

4-2- അപ്പർ പ്രൈമറിയിലെ ഭാഷാകരിക്കുലം

4-3- ഉള്ളടക്കവിശകലനം

4-4- വിനിമയതന്ത്രങ്ങളും പ്രയോഗങ്ങളും

4-5- പഠനസാമഗ്രികളും പഠനാന്തരീക്ഷവും

4-6- ഗുണമേന്മയ്ക്കായുള്ള ഇടപെടലുകളും തുടർച്ചയും

4-7- വിലയിരുത്തൽ രീതികളും ഉപാധികളും

## 4-1- ഒന്നാംഘട്ട വിദ്യാലയ അനുഭവപരിപാടി - തിരിച്ചറിവുകളും സാധ്യതകളും

പ്രൈമറി വിദ്യാലയത്തിൽ പതിനഞ്ച് പീരീഡ് ഒന്നാം ഭാഷയായ മലയാളം പാഠ്യപദ്ധതി വിനിമയം ചെയ്തതിന്റെ അനുഭവങ്ങളും തിരിച്ചറിവുകളുമായാണ് നാലാം സെമസ്റ്ററിൽ അപ്പർ പ്രൈമറി വിദ്യാലയ അനുഭവ പരിപാടിക്കായി ഒരുങ്ങുന്നത്.

- ഭാഷാക്ലാസുകളുടെ നിരീക്ഷണം വഴി നേടിയ ധാരണകൾ.
- മെന്റർ ടീച്ചറുമൊത്ത് പ്രവർത്തിച്ചതിന്റെ അനുഭവങ്ങൾ
- ക്ലാസ് ആസൂത്രണവും നിർവഹണവുമായി ബന്ധപ്പെട്ട തിരിച്ചറിവുകൾ
- കുട്ടികളുമായുള്ള ഇടപെടലുകളും പ്രതികരണങ്ങളും
- സ്കൂൾ പ്രവർത്തനങ്ങളിൽ ഇടപെട്ടതിന്റെ അനുഭവങ്ങൾ

ഇത്തരം വിശകലനങ്ങൾ ഒന്നാമത്തെ യൂണിറ്റ് പ്രവർത്തനത്തിന്റെ ഭാഗമായി നടത്തിയതാണ്. അതിന്റെ അടിസ്ഥാനത്തിൽ താഴെ കാണുന്ന പട്ടിക മുഴുവനാക്കുക.

| **മേഖല** | **തിരിച്ചറിവുകൾ** |
|---|---|
| ബോധനശാസ്ത്രപരമായ അപഗ്രഥനം | |
| പഠനതന്ത്രങ്ങൾ | |
| പഠനസാമഗ്രികൾ | |
| വ്യവഹാരരൂപങ്ങൾ - വളർച്ച | |
| വിലയിരുത്തൽ രീതി | |

## 4-2- അപ്പർപ്രൈമറിയിലെ ഭാഷാപാഠ്യപദ്ധതി

ഭാഷാപാഠ്യപദ്ധതി, ഭാഷാസമീപനം എന്നിവയെക്കുറിച്ച് രണ്ടാമത്തെ യൂണിറ്റിൽ ചർച്ചചെയ്തിരുന്നില്ലേ? ഭാഷാപഠനത്തിന്റെ പൊതുസമീപനം ക്രോഡീകരിച്ചപ്പോൾ എത്തിച്ചേർന്ന ആശയങ്ങൾ പരിശോധിക്കുക.

- ചിന്തയുടെയും സംസ്കാരത്തിന്റെയും, ഭാവനയുടെയും പുതുവഴികളിലേക്ക് നയിക്കുന്നതാണ് ഭാഷാകരിക്കുലം
- ഭാഷ ഉത്പാദിപ്പിക്കാൻ സഹായകമായ അന്തരീക്ഷം ഒരുക്കിക്കൊണ്ട് പഠനം ആസൂത്രണം ചെയ്യുന്ന രീതിയാണ് പ്രക്രിയാധിഷ്ഠിത പാഠ്യപദ്ധതി പ്രദാനം ചെയ്യുന്നത്.
- സാമൂഹ്യ നിർമ്മിതിവാദികളുടെ ആശയങ്ങളും ഭാഷാശാസ്ത്രരംഗത്ത് നോം ചോസ്കി നടത്തിയ കണ്ടെത്തലുകളുമാണ് ഈ സമീപനത്തിന്റെ അടിത്തറ.
- സംഘപ്രവർത്തനങ്ങളിലെ ഇടപെടൽ, പ്രവർത്തനങ്ങളിലെ പങ്കാളിത്തം, മറ്റുള്ളവരുമായി ബന്ധം സ്ഥാപിക്കൽ, പ്രശ്നങ്ങൾ പരിഹരിക്കൽ എന്നിവയെല്ലാം ഓരോരുത്തരുടേയും പഠനരീതിയെ സ്വാധീനിക്കുന്നുണ്ട്.
- കുട്ടികൾക്ക് വ്യത്യസ്ത തരത്തിലുള്ള പഠനരീതികളുണ്ടെന്നും അതിനനുസരിച്ചാണ് പഠനാനുഭവങ്ങൾ തയാറാക്കി നൽകേണ്ടതെന്നുമുള്ള ധാരണ അധ്യാപികയ്ക്ക് ഉണ്ടാവണം.

ഈ പൊതു ചിന്തകളിൽ നിന്നുകൊണ്ട് രൂപപ്പെടുത്തിയതാണ് അപ്പർ പ്രൈമറി ക്ലാസിലെ ഭാഷാ പാഠപുസ്തകങ്ങൾ.

### 1. പഠനവിഭവങ്ങളും പഠനസംവിധാനങ്ങളും

പാഠ്യപദ്ധതി വിനിമയം ചെയ്യുന്നതിന് ഉപയോഗിക്കുന്ന വിവിധ ഉപാധികളുണ്ട്. പഠനപ്രക്രിയയുടെ പരിപൂർണതയ്ക്ക് അവ പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ചില സാധ്യതകൾ പരിശോധിക്കുക.

### 1) ലൈബ്രറി:-

വായന ആശയസ്വീകരണത്തിനുള്ള പ്രധാനമാർഗമാണ്. വിവിധ സാഹിത്യമാതൃകകൾ പരിചയപ്പെടുന്നതിനും ഭാഷാ പ്രയോഗത്തിന്റെ സാധ്യതകൾ തിരിച്ചറിയുന്നതിനും വായന സഹായിക്കുന്നു. പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തുന്ന പാഠഭാഗങ്ങളുടെ വിനിമയത്തിന് സഹായകമായതും, അധിക വായനക്ക് പ്രേരിപ്പിക്കുന്നതും സാഹിത്യ രൂപത്തിന്റെ സവിശേഷതകൾ കൂടുതൽ വ്യക്തമാക്കുന്നതിനും ക്ലാസ് ലൈബ്രറികൾ ശക്തമാക്കണം. ഇതിനായി പാഠവിനിമയത്തിനു സഹായകമായ പുസ്തക ശേഖരങ്ങൾ ഉൾപ്പെടുത്തി ക്ലാസ് ലൈബ്രറി വിപുലികരിക്കണം. റഫറൻസ് ലേണിങ്ങ് എന്ന് പഠനതന്ത്രം പ്രയോജനപ്പെടുത്തണമെങ്കിൽ റഫറൻസ് സാധ്യതകൾ നൽകുന്ന പുസ്തകങ്ങൾ കൂടി ലൈബ്രറിയിൽ ഉൾച്ചേർക്കണം.

### 2. പഠനോപകരണങ്ങൾ

ഭാഷാ ക്ലാസിലെ പഠനോപകരണങ്ങളെക്കുറിച്ച് നേരത്തെ ചർച്ച ചെയ്തിരുന്നതാണ്. അറിവു നിർമാണത്തിന് സഹായകമായ വിഭവങ്ങൾ പാഠഭാഗങ്ങളുടെ ആവശ്യത്തിനനുസരിച്ച് ഒരുക്കണം. കത്തുകൾ, നോട്ടീസുകൾ ബ്രോഷറുകൾ, പോസ്റ്ററുകൾ, റീഡിങ്ങ് കാർഡുകൾ വിവിധ സാഹിത്യരൂപങ്ങളുടെ വായനാ സാമഗ്രികൾ എന്നിവ അനുയോജ്യതയ്ക്കനുസരിച്ച് ശേഖരിച്ചും, നിർമിച്ചും ക്ലാസിൽ പ്രയോജനപ്പെടുത്തണം.

### 3. കമ്പ്യൂട്ടർ ലാബും, മൾട്ടീമീഡിയാ ഉപകരണങ്ങളും

പ്രസന്റേഷനുകൾ, വീഡിയോ പ്രദർശനം, വിവരണശേഖരണം എന്നിങ്ങനെ ഐ.സി.ടി. അധിഷ്ഠിത പഠനപ്രവർത്തനങ്ങളും പാഠ്യപദ്ധതി വിനിമയത്തിന് പ്രയോജനപ്പെടുത്തണം. സമഗ്ര, ഇ പാഠശാല, വിവിധ ബ്ലോഗുകൾ എന്നിവ അധ്യാപക വിദ്യാർഥി പരിചയപ്പെടണം. പാഠ്യപദ്ധതി വിനിമയത്തിൽ ഐ.സി.ടി സാധ്യതകൾ കണ്ടെത്താനും പ്രയോജനപ്പെടുത്താനും പരിശീലനം നേടണം.

ഇതിനു പുറമേ കുട്ടികളുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള നിരവധി വേദികളും വിദ്യാലയത്തിലുണ്ട്. ബാലസഭ, അസംബ്ലി, ക്ലബ്ബുകൾ, ചർച്ചാ വേദികൾ, വിദ്യാരംഗം, ദിനാചരണങ്ങൾ എന്നിങ്ങനെ ഭാഷാ വികസനത്തിന് സഹായകമായ നിരവധി പ്രവർത്തനങ്ങൾ ഉൾപ്പെടുത്താവുന്നതാണ്. വിദ്യാലയങ്ങളിൽ സർഗവേള എന്ന പേരിൽ ഒരു പിരീഡ് ക്ലാസുകളിൽ നിലവിലുണ്ട്. വിവിധ ഭാഷാശേഷികളുടെ പ്രകടന വേദിയാക്കി ഇതിനെ മാറ്റാവുന്നതാണ്.

കലാവിദ്യാഭ്യാസം, പ്രവൃത്തി പരിചയം, ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം എന്നിവയുടെ ഘടകങ്ങളും പാഠ്യപദ്ധതി വിനിമയത്തിൽ ഉൾച്ചേർക്കേണ്ടതുണ്ട്.

a) പാഠ്യപദ്ധതി വിനിമയത്തിലെ തീയറ്റർ സാധ്യതകൾ (സ്കിറ്റുകളുടെ അവതരണം, നാടകീകരണം പാവനാടകം...... പോലുള്ള പ്രവർത്തനങ്ങൾ) പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ഭാഷാ വിനിമയത്തിന്റെ ഒരു ലക്ഷ്യം സാംസ്കാരിക വിനിമയം കൂടിയാണ്. കേരളത്തിലെ വൈവിധ്യമാർന്ന കലാരൂപങ്ങളും അവയുടെ സാഹിത്യ മാതൃകകളും കരിക്കുലം ഉൾക്കൊള്ളുന്നു. ഇതെല്ലാം തീയറ്റർ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി നടത്തേണ്ടതാണ്. കലാവിദ്യാഭ്യാസത്തിന്റെ പ്രവർത്തനങ്ങളും ഭാഷാപാഠ്യപദ്ധതിയോട് ഉൾച്ചേർക്കാൻ ശ്രദ്ധിക്കണം.

ഇതുപോലെ പ്രവൃത്തി പരിചയത്തിന്റെ ചില സാധ്യതകളും ഭാഷാക്ലാസ്സിൽ പ്രയോജനപ്പെടുത്താം. വിവിധയിനം പാവകളുടെ നിർമ്മാണം, നാടകീകരണത്തിന് ആവശ്യമായ രംഗസജ്ജീകരണം എന്നിങ്ങനെ അനുയോജ്യമായ സാധ്യതകൾ പരിഗണിക്കുക.

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് സഹായകമാവും വിധം പഠനസാമഗ്രികൾ നിർമിക്കൽ, കരിക്കുലം വിനിമയത്തിന് ബഹുതല ബുദ്ധി പരിഗണിച്ചുള്ള വിവിധതരം ആവിഷ്കാരങ്ങൾ നടത്തൽ എന്നിവ അധ്യാപിക നേതൃത്വം നൽകി നടപ്പാക്കേണ്ടതാണ്. പ്രത്യേക പരിഗണന അർഹിക്കുന്ന ഏതാണ്ട് 21 വിഭാഗം കുട്ടികൾ ക്ലാസ്സിലുണ്ട്. ഓരോ അധ്യാപികയും തന്റെ ക്ലാസിൽ ഇതിൽ ഏതു വിഭാഗക്കാരായ കുട്ടിയാണ് ഉള്ളതെന്നും അവരുടെ പഠനത്തിൽ താൻ എങ്ങനെ ഇടപെടണമെന്നും തിരിച്ചറിയുമ്പോഴേ ഇത് അർഥപൂർണമാകൂ. ശ്രവണക്കുറവുള്ള കുട്ടിയ്ക്ക് കൂടുതൽ ദൃശ്യാനുഭവങ്ങൾ നൽകണമെന്നും, കാഴ്ചക്കുറവുള്ള കുട്ടിക്ക് വർണനയിൽ പരിമിതിയുണ്ടാവാമെന്നും (ഉണ്ടെന്നല്ല) തിരിച്ചറിയുന്നത് പാഠ്യപദ്ധതി വിനിമയത്തിന് ആവശ്യമാണ്.

## പ്രവർത്തനങ്ങൾ

വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് യു.പി. ക്ലാസിലെ കേരള പാഠാവലി, അടിസ്ഥാന പാഠാവലി

എന്നിവ പരിശോധിക്കുക. (ഡിസംബർ, ജനുവരി ഫെബ്രുവരി മാസങ്ങളിലെ സ്കീം ഓഫ് വർക്ക് അനുസരിച്ച്)

| | | | | |
|---|---|---|---|---|
| തനിമയുടെ പൊലിമ | - | അഞ്ച് | | |
| പ്രകൃതിഭാവങ്ങൾ | - | ആറ് | - | കേരളപാഠാവലി |
| എത്രയും ചിത്രം ചിത്രം | - | ഏഴ് | | |
| നിറഭേദങ്ങൾ | - | അഞ്ച് | | |
| സ്വാതന്ത്ര്യം തന്നെ ജീവിതം | - | ആറ് | - | അടിസ്ഥാന പാഠാവലി |
| അറിവായ് നിറവായ് | - | ഏഴ് | | |

എന്നിവയാണ് വിശകലനം ചെയ്യേണ്ടത്. തുടർന്ന്

1) ഈ യൂണിറ്റുകളുടെ വിനിമയത്തിന് ക്ലാസ്സ് ലൈബ്രറിയിൽ ഒരുക്കേണ്ട പുസ്തകങ്ങൾ, വായനാ സാമഗ്രികൾ എന്നിവ പട്ടികപ്പെടുത്തുക.

2) ഈ യൂണിറ്റുകൾ വിനിമയം ചെയ്യുമ്പോൾ കുട്ടികൾ നേടേണ്ട പഠനനേട്ടങ്ങൾ ഏതൊക്കെ? ഇത് നേടി എന്ന് ഉറപ്പുവരുത്താൻ സഹായിക്കുന്ന ഏതാനും സൂചക ങ്ങൾ എഴുതി നോക്കൂ.

3) കലാവിദ്യാഭ്യാസം, പ്രവൃത്തി പരിചയം എന്നിവയുടെ ഏതെല്ലാം സാധ്യതകൾ ഈ യൂണിറ്റുകളിൽ ഉൾച്ചേർക്കാം.

4) യൂണിറ്റിൽ ഐ.സി.ടി ഉപയോഗിച്ച് വിനിമയം ചെയ്യാൻ സാധ്യതയുള്ള പ്രവർത്തന ങ്ങൾ കണ്ടെത്തി എഴുതുക.

## 4-3- ഉള്ളടക്ക വിശകലനം

അധ്യാപകസഹായികളിൽ ഓരോ യൂണിറ്റിന്റെയും തുടക്കത്തിൽ ആ യൂണിറ്റിന്റെ അന്തസത്ത സൂചിപ്പിക്കുന്ന ആമുഖം ചേർത്തിട്ടുണ്ട്. യൂണിറ്റ് വിശകലനങ്ങളിൽ ആ യൂണിറ്റ് വിനിമയം ചെയ്യാനുള്ള സമയം, പഠനനേട്ടങ്ങൾ, പ്രധാന ആശയങ്ങൾ, പ്രധാന പ്രവർത്തനങ്ങൾ, പഠന തെളിവുകൾ, വിലയിരുത്തൽ എന്നിവയെക്കുറിച്ചുള്ള സൂചനകൾ നൽകിയിരിക്കുന്നു.

യൂണിറ്റുകളുടെ ഉള്ളടക്കം വിശകലനം ചെയ്യുമ്പോൾ താഴെ കാണുന്ന ആശയ മേഖലകൾ പരിഗണിക്കണം.

- പാഠഭാഗങ്ങളുടെ ഉള്ളടക്ക ആശയങ്ങൾ
- സാഹിത്യ രൂപത്തിന്റെ സവിശേഷതയുമായി ബന്ധപ്പെട്ട ആശയങ്ങൾ
- യൂണിറ്റിൽ കടന്നുവരുന്ന വ്യവഹാര രൂപങ്ങളുടെ പ്രത്യേകതയുമായി ബന്ധപ്പെട്ട ആ ശയങ്ങൾ
- സാഹിത്യരൂപത്തിലും, വ്യവഹാര രൂപത്തിലും ഉപയോഗിക്കുന്ന ഭാഷയിലെ വ്യാകര ണപരമായ ആശയങ്ങൾ

ഇങ്ങനെ വേർതിരിച്ച് വിദ്യാർത്ഥിക്കു മുമ്പിൽ അവതരിപ്പിക്കുകയല്ല ഈ വിശകലനം കൊണ്ട് പ്രതീക്ഷിക്കുന്നത്. മറിച്ച് ഒരു യൂണിറ്റിനെ ആശയപരമായും, വ്യവഹാരരൂപപരമായും സാഹി

ത്യ രൂപപരമായും, ഭാഷാരൂപപരമായും അധ്യാപിക തിരിച്ചറിയുന്നത് അവ പ്രവർത്തനങ്ങളി ലൂടെ വിനിമയം ചെയ്യുന്നതിന് ഏറെ സഹായകമാവും.

ഉദാഹരണത്തിന് ആറാം ക്ലാസിലെ പ്രകാശകിരണങ്ങൾ എന്ന യൂണിറ്റ് ഇത്തരത്തിൽ വിശക ലനം ചെയ്ത് പരിശോധിക്കൂ.

**1. സാഹിത്യപ്രസ്ഥാനം**

- A.P.J. അബ്ദുൾ കലാമിന്റെ വിടരേണ്ട മൊട്ടുകൾ എന്ന ആത്മകഥാപരമായ പുസ്ത കത്തിൽ നിന്നും എടുത്ത ഭാഗം
- കെ. ദാമോദരൻ B.A എഴുതിയ ശ്രീ നാരായണ ഗുരുവിന്റെ ജീവചരിത്രത്തിലെ ഒരു ഭാഗം
- ഉള്ളൂരിന്റെ മഞ്ഞുതുള്ളി എന്ന കവിത.

ഇവയാണല്ലോ ഈ യൂണിറ്റിലെ പാഠഭാഗങ്ങൾ. കുട്ടികൾക്ക് ആത്മകഥയും, ജീവചരി ത്രവും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാനും ഈ സാഹിത്യ രൂപങ്ങളുടെ സവിശേ ഷതകൾ തിരിച്ചറിയാനും ഈ യൂണിറ്റ് ലക്ഷ്യമിടുന്നു. കൂടാതെ കവിതാ സാഹിത്യ ത്തിലെ ഒരു ഭാഗവും പരിചയപ്പെടുത്തുന്നു.

**II. ഉള്ളടക്കപരമായ ആശയങ്ങൾ:**

| **പാഠഭാഗം** | **ആശയങ്ങൾ** |
|---|---|
| പരിശ്രമം ചെയ്യുകിലെന്തിനേയും | പരാജയത്തിൽ നിരാശരാകാതെ അതിന്റെ പാഠം ഉൾക്കൊണ്ട് മുന്നേറുന്നവർക്കേ ജീവിതത്തിൽവിജയം കൈവരിക്കാനാവൂ.<br><br>ശുഭാപ്തി വിശ്വാസം ജീവിത വിജയത്തിനു അനിവാര്യമാണ്. |

ഒരു വ്യക്തിയുടെ അനുഭവത്തിലൂടെയാണ് ഈ ആശയങ്ങൾ കട്ടികളിലേക്ക് പകരുന്നത്. അബ്ദുൾകലാം എന്ന ശാസ്ത്രജ്ഞന്റെ ജീവിതാനുഭവം കുട്ടികൾ വായിക്കുമ്പോഴും വിശക ലനം ചെയ്യുമ്പോഴും - ഇതിനു സമാനമായ മറ്റു വ്യക്തികളുടെ അനുഭവങ്ങൾ അധിക വായ നക്കു നൽകുമ്പോഴും ഈ ആശയം കുട്ടികൾ ആർജിക്കും.

| പാഠഭാഗം | ആശയങ്ങൾ |
|---|---|
| ഒരു കെട്ടുകല്യാണം | 1. അനാചാരങ്ങൾക്കെതിരെ മഹാന്മാരുടെ നേരിട്ടുള്ള ഇടപെടൽ പെട്ടെന്നുള്ള സാമൂഹ്യപുരോഗതി സാധ്യമാകുന്നു.<br>2. മഹാന്മാരുടെ ജീവചരിത്രം പുതുതലമുറയ്ക്ക് പ്രചോദനവും മൂല്യബോധവും നൽകുന്നു.<br>3. സാമൂഹിക പരിഷ്കരണത്തെ പ്രതിപാദിക്കുന്ന നിരവധി രചനകൾ സാഹിത്യത്തിലുണ്ടായിട്ടുണ്ട്. |

ഇതിൽ ഒന്നാമത്തെ ആശയവുമായി ബന്ധപ്പെട്ട് പാഠഭാഗത്തിൽ ജീവചരിത്ര രൂപേണ പ്രതിപാദിച്ച കെട്ടുകല്യാണം എന്ന അനാചാരം, അന്നു നിലനിന്ന സാമൂഹ്യാവസ്ഥ, അത് ശ്രദ്ധിച്ച മഹാനായ ശ്രീനാരായണ ഗുരുവിന്റെ ഇടപെടൽ എന്നിങ്ങനെ പാഠഭാഗത്തിൽ ചർച്ച ചെയ്യുന്ന ഉള്ളടക്കവും തിരിച്ചറിയുമല്ലോ?

ജീവചരിത്രം എന്ന സാഹിത്യരൂപത്തിന്റെ പ്രസക്തിയാണ് രണ്ടാമത്തെ ആശയത്തിലൂടെ സൂചിപ്പിക്കുന്നത്. ചില വ്യക്തികളുടെ ജീവിതാനുഭവങ്ങൾ വായിക്കുമ്പോൾ നാം അറിയാതെ പ്രചോദിതരാവും, ആ മൂല്യങ്ങൾ ജീവിതത്തിലേക്കു പകർത്താനായാൽ നമ്മിൽ മാനവീകരണം നടക്കും. ശ്രീനാരായണ ഗുരുവിന്റെ ജീവചരിത്രം അത്തരത്തിൽ ശ്രേഷ്ഠമായതാണ്. ഇതുപോലെ 'എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ' (ഗാന്ധിജി) തുടങ്ങി മറ്റ് മറക്കാനാവാത്ത മഹാന്മാരുടെ ജീവചരിത്ര ഭാഗങ്ങളും കുട്ടികൾക്ക് പരിചയപ്പെടുത്തണമല്ലോ - (ഇവ ക്ലാസ്സ് ലൈബ്രറിയിൽ ഒരുക്കണം) ഇതാണ് മൂന്നാമത്തെ ആശയത്തിന്റെ പ്രസക്തി.

| പാഠഭാഗം | ആശയങ്ങൾ |
|---|---|
| മഞ്ഞുതുള്ളി | • പ്രകൃതിയിലെ സുന്ദരമായ അനുഭൂതികൾ ജീവിതത്തെ പ്രസാദാത്മകമായി സമീപിക്കാൻ സഹായിക്കും.<br>• അക്ഷരങ്ങളുടെ ആവർത്തനം കവിതയ്ക്ക് ശബ്ദഭംഗി നൽകുന്നു.<br>• താളത്തിനും, ഭാവത്തിനുമനുസരിച്ച ഈണമാണ് കാവ്യാലാപനം ആകർഷകമാക്കുന്നത്. |

ചില പഠനനേട്ടങ്ങൾ ഒരു യൂണിറ്റിൽ നിന്നു മാത്രം നേടാനാവുന്നവയല്ല. ഉദാഹരണത്തിന് കവിതയുടെ ആശയം, താളം, ഭാവം എന്നിവ ഉൾക്കൊണ്ട് ഈണത്തിൽ ചൊല്ലി അവതരിപ്പിക്കുന്നു എന്ന പഠനനേട്ടം മഞ്ഞുതുള്ളി എന്ന കവിതക്കു മാത്രമല്ല ബാധകമാകുന്നത്. ഇതുപോലെ ഭാവസാന്ദ്രമായ മറ്റു കവിതകൾക്കും ഈ പഠനനേട്ടം പകരാനാവും. ഒരു പക്ഷെ ധാരാളം കവിതകൾ ആലപിക്കാനും, വിശകലനം ചെയ്യാനും അവസരം ലഭിക്കുമ്പോഴേ പൂർണമായ അർത്ഥത്തിൽ ഈ പഠനനേട്ടം കൈവരിക്കാനാവൂ.

പ്രകൃതിയിലെ സുന്ദരമായ അനുഭൂതികൾ, മഴ, മഞ്ഞ്, മഴവില്ല്, പുഴ, സന്ധ്യ, പ്രഭാതം, ഇതൊക്കെ എല്ലാവരും കാണുന്ന കാഴ്ചകളാണ്. അനുഭൂതികൾ ഉളവാകുന്നത് നമ്മുടെ കാഴ്ച, കേൾവി, സ്പർശം, മണം, രുചി എന്നിങ്ങനെ പഞ്ചേന്ദ്രിയങ്ങളുടെ അനുഭവത്തിലൂടെയാണ്. ഈ അനുഭവങ്ങളെ വാക്കുകളിലൂടെ ചിത്രീകരിച്ചതാണ് കവിത. മഞ്ഞുതുള്ളി പ്രകൃതിയിലൊരുക്കുന്ന ദൃശ്യങ്ങളാണ് ആശയങ്ങളായി വരുന്നത്.

- പുല്ലുകൾ വൈരക്കൽ ചൂടി റാണിമാരായത്.
- പൂവുകൾക്ക് പുഞ്ചിരിയും ആനന്ദബാഷ്പവുമാകുന്നത്.
- വെയിലിൽ മഴവില്ലു വിരിയിക്കുന്നത്.

ഇതെല്ലാം കവിതയുടെ കാഴ്ചകളാണ്.

ഇങ്ങനെ ഓരോ പാഠഭാഗത്തേയും ഉള്ളടക്കപരമമായ ആശയങ്ങളെ വിശകലനം ചെയ്തു നോക്കണം.

### III. വ്യവഹാര രൂപപരമായ ആശയങ്ങൾ

ഈ യൂണിറ്റിന്റെ അന്തസത്ത ഉൾക്കൊള്ളും വിധം പാഠഭാഗങ്ങളിൽ നിന്നോ മറ്റുകൃതികളിൽ നിന്നോ വായിച്ചെടുത്ത കാര്യങ്ങൾ ഉൾക്കൊള്ളിച്ച് ഒരു ഉപന്യാസം എഴുതാൻ ആവശ്യപ്പെടുന്നുണ്ട്.

ഉപന്യാസത്തിന്റെ ഘടന, ഖണ്ഡികാകരണം, ആശയ നിറവ് എന്നിവ നോക്കിയായിരിക്കും ഇത് വിലയിരുത്തേണ്ടത്. ആത്മകഥാ കുറിപ്പുകൾ, ജീവചരിത്രക്കുറിപ്പുകൾ, താരതമ്യക്കുറിപ്പ്, എന്നിങ്ങനെ വിവിധ വ്യവഹാരരൂപങ്ങളുടെ സവിശേഷതയും ഈ യൂണിറ്റിലൂടെ പരിചയപ്പെടുത്തുന്നു.

### IV. ഭാഷാപരമായ ആശയങ്ങൾ

ഗദ്യപാഠങ്ങളിലും, കവിതാ പാഠഭാഗങ്ങളിലും ഭാഷയുടെ സവിശേഷമായ പ്രയോഗങ്ങൾ പരിചയപ്പെടുത്തുന്നുണ്ടാകും.

- ശ്രീനാരായണ ഗുരുവിന്റെ സംഭാഷണത്തിലെ പദങ്ങളുടെ പ്രത്യേകതകൾ - പഴയ കാല പ്രയോഗങ്ങളും ശൈലികളും
- സമാനപദങ്ങൾ കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ
- അക്ഷരങ്ങളുടെ ആവർത്തനം കവിതയ്ക്ക് ശബ്ദഭംഗി നൽകുന്നു.
- വാക്യ നിർമാണം

എന്നിങ്ങനെ ഭാഷ പ്രയോഗിക്കാനും, പദങ്ങളുടെ അനുയോജ്യത, കവിതയ്ക്ക് താളം ലഭിക്കുന്ന സാഹചര്യങ്ങൾ വിശകലനം ചെയ്യാനും ഈ യൂണിറ്റ് അവസരം നൽകുന്നു.

**പ്രവർത്തനം**

വിവിധ ഗ്രൂപ്പുകളിൽ അഞ്ച്, ആറ്, ഏഴ് ക്ലാസ്സിലെ കേരള പാഠാവലി, അടിസ്ഥാന പാഠാവലി എന്നിവയിലെ അവസാന യൂണിറ്റുകൾ പരിശോധിച്ച് മുകളിൽ സ്ഥാപിച്ച - നാല് തരം ആശയങ്ങളും അവ വിനിമയം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളും കണ്ടെത്തിയെഴുതൂ.

## 4-4 വിനിമയ തന്ത്രങ്ങളും പ്രയോഗങ്ങളും

ഭാഷാപാഠ്യപദ്ധതി വിനിമയം ചെയ്യുന്നതിനായി നിരവധി പഠനതന്ത്രങ്ങൾ പാഠപുസ്തകത്തിലും, അധ്യാപക സഹായിയിലും കണ്ടെത്താനാകും. ഒരാശയം വിനിമയം ചെയ്യുന്നതിന് ഏറ്റവും അനുയോജ്യമായ പഠനതന്ത്രം ഉപയോഗിക്കുക എന്നത് പ്രധാനമാണ്. ഇത് അധ്യാപിക ശ്രദ്ധാപൂർവം കണ്ടെത്തണം.

പഠനതന്ത്രത്തിന് അതിന്റെ പ്രക്രിയകളിൽ ചില ഘട്ടങ്ങളുണ്ട്.

- പഠനമേറ്റെടുക്കൽ ഘട്ടം
- വിശകലന ഘട്ടം
- പഠനോത്പന്ന രൂപീകരണം
- പങ്കിടൽ ഘട്ടം
- മെച്ചപ്പെടുത്തൽ ഘട്ടം
- വിപുലീകരണ ഘട്ടം
- വ്യാപന ഘട്ടം

എന്നിങ്ങനെയുള്ള ഘട്ടങ്ങളിലൂടെയാണ് ഓരോ പഠനതന്ത്രങ്ങളും മുന്നേറുന്നത്.

ഒരു ഉദാഹരണം പരിശോധിക്കൂ.....

ക്ലാസ് - 6

വിഷയം - മലയാളം

പഠനതന്ത്രം - അതിഥിക്ലാസ്സ്

ഈ പഠനതന്ത്രത്തിലൂടെ കുട്ടിയിൽ വികസിക്കുന്ന പ്രക്രിയാശേഷികൾ

- വിഷയ അവബോധം
- പഠനതാല്പര്യം
- ആശയവിനിമയ ശേഷി
- സർഗാത്മക ശേഷി

## പരിഗണിച്ച പഠനനേട്ടം

- കലകളെക്കുറിച്ചും കലാകാരന്മാരെക്കുറിച്ചും കൂടുതൽ ധാരണ നേടുക.
- പടയണിയെന്ന കലയെക്കുറിച്ച് കൂടുതൽ ധാരണ നേടുക.

## പ്രവർത്തന - പ്രക്രിയാ വിശദാംശങ്ങൾ

### പഠനമേറ്റെടുക്കൽ ഘട്ടം/പ്രശ്നാവതരണ ഘട്ടം

പ്രാചീന കലകളോടുള്ള ധാരണകളും താല്പര്യവും കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിൽ പ്രാചീന കലകളുടെ പഠനം അനിവാര്യമായിത്തീർന്നിരിക്കുന്നു. അനുഷ്ഠാന കലയായ പടയണി എന്ന കലാരൂപത്തെക്കുറിച്ച് അറിവു നല്കുന്നതിന് പടയണി കലാകാരനുമായുള്ള ഒരു നേരനുഭവം കുട്ടിക്ക് ലഭിക്കണം. അതുവഴി കലയെക്കുറിച്ച് ധാരണകളും കലാകാരനോട് ബഹുമാനവും തോന്നണം. മറ്റുകലകളെക്കുറിച്ച് ഇതുപോലെ അറിയാനുള്ള ജിജ്ഞാസയുണ്ടാകണം. അഭിമുഖം നടത്താനുള്ള ഒരു പ്രവർത്തന രൂപരേഖ ആദ്യം തയാറാക്കണം. കുട്ടികളുമായി ചർച്ച ചെയ്ത് ഏതു കലാകാരനെ വിളിക്കണം, തീയതി, സ്ഥലം, സമയം നിശ്ചയിക്കുന്നു. ക്ഷണിക്കപ്പെട്ട ആളുകളുടെ സംഭാവനകൾ, മികവുകൾ, നേട്ടങ്ങൾ - പുരസ്കാരങ്ങൾ എന്നീ വിവരങ്ങൾ ശേഖരിക്കുന്നു. പരിപാടിയിലേക്ക് രക്ഷിതാക്കൾ, ഉൾപ്പെടെയുള്ള അതിഥികളെ ക്ഷണിക്കണം. അതിനു വേണ്ട ക്ഷണക്കത്ത് ഉദ്ഘാടനത്തിന്റെ പ്രോഗ്രാം നോട്ടീസ്, സ്വീകരണത്തിനു വേണ്ട ഏർപ്പാടുകൾ, അഭിമുഖത്തിനുവേണ്ട ചോദ്യങ്ങൾ തയാറാക്കൽ എന്നിങ്ങനെ വിവിധ ചുമതലകൾ കുട്ടികളുടെ ഗ്രൂപ്പുകൾക്ക് നൽകുന്നു.

## വിശകലന ഘട്ടം

അതിഥി ക്ലാസ്സിലൂടെ ലഭിച്ച വിവരങ്ങളെ ചിട്ടപ്പെടുത്തി എഴുതി തയാറാക്കുകയും അതിലൂടെ പടയണി എന്ന കലാരൂപത്തിന്റെ സവിശേഷതകൾ കണ്ടെത്തി പ്രത്യേകതകൾ വിശകലനം ചെയ്യുകയും ചെയ്യുന്നു.

### പഠനോല്പന്ന രൂപീകരണ ഘട്ടം

പടയണി എന്ന കലാരൂപത്തെക്കുറിച്ച് വിശദമായ ഉപന്യാസം തയാറാക്കുന്നു. പടയണിച്ചിത്രങ്ങൾ ശേഖരിച്ച് ആൽബം നിർമിക്കുന്നു. പടയണിപ്പാട്ടുകൾ, ആചാരാനുഷ്ഠാനങ്ങളുടെ കുറിപ്പുകൾ മുതലായവ ശേഖരിക്കുന്നു.

### പങ്കിടൽ ഘട്ടം

തയാറാക്കിയ വ്യവഹാരരൂപം (ഉപന്യാസം) ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു. ചർച്ച ചെയ്യുന്നു.

### മെച്ചപ്പെടുത്തൽ ഘട്ടം

ഗ്രൂപ്പിൽ ചർച്ച ചെയ്തതിൽ നിന്നും ഉരുത്തിരിഞ്ഞ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി വ്യവഹാര രൂപങ്ങൾ മെച്ചപ്പെടുത്തുന്നു.

### വിപുലീകരണ ഘട്ടം

അവ ക്ലാസിലും, സ്കൂളിലും മറ്റു പൊതു വേദികളിലും അവതരിപ്പിക്കുന്നു. സർഗവേളയിൽ പടയണിപ്പാട്ട് അവതരിപ്പിക്കുന്നു.

**വ്യാപന ഘട്ടം**

പടയണി കാണുവാനായി ക്ലാസ്സ് പഠനയാത്ര നടത്തുന്നു.

പടയണി വീഡിയോകൾ ശേഖരിക്കുന്നു. കാണുന്നു.

പടയണിയെക്കുറിച്ച് ബ്രോഷർ തയ്യാറാക്കുന്നു.

ഇങ്ങനെ ഓരോ പഠനതന്ത്രത്തിനും വിവിധ തലങ്ങളുണ്ട്. ഇനി മറ്റു ചില പഠനതന്ത്രങ്ങൾ പരിശോധിക്കാം.

| | | |
|---|---|---|
| ചർച്ചാരൂപങ്ങൾ | - | പാനൽചർച്ച, സെമിനാർ, ചർച്ച, സംവാദം |
| ഗവേഷണ രൂപങ്ങൾ | - | റഫറൻസ്, അഭിമുഖം, പഠനയാത്ര, നിരീക്ഷണം, പ്രോജക്ട്, വീഡിയോ വിശകലനം, അതിഥിക്ലാസ്, ബുക്ക് റിവ്യൂ |
| തീയറ്റർ രൂപങ്ങൾ | - | റോൾപ്ലേ, മൈമിംഗ്, സ്കിറ്റ്, നാടകം, കോറിയോഗ്രഫി, സിമുലേഷൻ |
| നിർമ്മാണ രൂപങ്ങൾ | - | വായനാ കാർഡുനിർമാണം, വർക്ക്ഷീറ്റ് നിർമാണം |
| മറ്റിനങ്ങൾ | - | ഗ്രൂപ്പ് പ്രവർത്തനം, കളികൾ, പ്രദർശനം, ശില്പശാല, കാവ്യകേളി, കഥയരങ്ങ് |

ഒരു യൂണിറ്റ് വിനിമയം ചെയ്യുമ്പോൾ ഇതിൽ ഏറ്റവും അനുയോജ്യമായ ഒന്നോ രണ്ടോ തന്ത്രങ്ങൾ മാത്രമായിരിക്കും പ്രയോജനപ്പെടുത്തുക.

## പ്രവർത്തനം

- 3 പേരുടെ ഗ്രൂപ്പിൽ പാഠപുസ്തകം അധ്യാപക സഹായി എന്നിവ പരിശോധിച്ച് മുകളിൽ നൽകിയ ഏതൊക്കെ പഠനതന്ത്രങ്ങളാണ് അതിൽ നിർദേശിച്ചിരിക്കുന്നതെന്ന് കണ്ടെത്തുക. (നാല്, അഞ്ച് യൂണിറ്റുകൾ പരിഗണിക്കുക)
- ഓരോ ഗ്രൂപ്പും ഒരു പഠനതന്ത്രത്തിന്റെ ഘട്ടങ്ങൾ പാഠഭാഗത്തെ അടിസ്ഥാനമാക്കി എഴുതുക.

## 4-5 പഠനസാമഗ്രികളും പഠനാന്തരീക്ഷവും

ക്ലാസ്സ് മുറി തന്നെ ഒരു പഠനോപകരണം എന്ന കാഴ്ചപ്പാട് രൂപപ്പെടണം. ചുമരുകൾ, പരിസരം എന്നിവ ഭാഷാസ്നേഹവും ഭാഷയോട് ആദരവുമുള്ളതാക്കിത്തീർക്കാൻ എന്തു ചെയ്യാനാവും. ക്ലാസ് ചുമരുകൾ ഭാവനാപൂർണമായി രൂപപ്പെടുത്താൻ കഴിയുമോ? നമുക്ക് എന്തുചെയ്യാനാകും. ചില കവിതാ ശകലങ്ങൾ ചാർട്ടിലെഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കാം. ക്ലാസ്സ് ലൈബ്രറി വിപുലപ്പെടുത്താം. അതിൽ ധാരാളം വയനാ സാമഗ്രികൾ ഒരുക്കിവെക്കാം.

ഭാഷയുടെ പഠനസാമഗ്രികളായി വായനാ കാർഡുകൾ, നോട്ടീസുകൾ, കത്തുകൾ, പത്രങ്ങൾ, മാഗസിൻ പേജുകൾ, മറ്റ് പ്രസിദ്ധീകരണങ്ങൾ എന്നിങ്ങനെ ഭാഷാവികാസത്തിനുതകുന്ന എന്തും പാഠ്യപദ്ധതി വിനിമയത്തിനായി പ്രയോജനപ്പെടുത്താവുന്നതാണ്. എന്നാൽ ഇതെല്ലാം അലക്ഷ്യമായി ക്ലാസ്സിൽ വിന്യസിച്ചതുകൊണ്ട് പ്രയോജനമില്ല. ഒരു യൂണിറ്റ് വിനിമയം ചെയ്യുമ്പോൾ

ആ യൂണിറ്റുമായി ബന്ധപ്പെട്ട വായനാ സാമഗ്രികളാണ് ക്ലാസ്സിൽ പ്രദർശിപ്പിക്കേണ്ടത്. ഉദാഹരണത്തിന് പ്രകാശ കിരണങ്ങൾ എന്ന യൂണിറ്റാണ് ക്ലാസ്സിൽ അവതരിപ്പിക്കുന്നതെങ്കിൽ ഇവ നിർബന്ധമായും ക്ലാസിൽ ഒരുക്കണം.

അഗ്നിച്ചിറകുകൾ - ആത്മകഥയുടെ - A.P.J. അബ്ദുൾകലാം

വിടരേണ്ട പൂമൊട്ടുകൾ - വിവർത്തനം - A.P. കുഞ്ഞാമു

ഉപന്യാസങ്ങൾ - മഹാന്മാരുടെ ജീവിതവുമായി ബന്ധപ്പെട്ടത്.

ജീവചരിത്ര ഭാഗങ്ങൾ -

സമാന കവിതകൾ - (മഞ്ഞുതുള്ളി)

തത്വശാസ്ത്രപരമായ കവിതാശകലങ്ങൾ

അനാചാരങ്ങളെക്കുറിച്ചുള്ള പത്രവാർത്തകൾ

കേരളത്തിലെ അനാചാരങ്ങൾ - (വിക്കി )

എന്നിങ്ങനെയുള്ള വായനാ സാമഗ്രികളാണ് ക്ലാസ്സിൽ ഒരുക്കേണ്ടത്. ഇതിന്റെ ഭാഗമായി ക്ലാസ്സ് ലൈബ്രറിയും വിപുലീകരിക്കുന്നു.

## റഫറൻസ് ലേണിങ്ങ്

അറിവു നിർമാണത്തിന് അനുയോജ്യമായ ഒരു പഠനതന്ത്രത്തിന് ഒരു പ്രത്യേക വിഷയത്തിൽ നൽകുന്ന ചോദ്യങ്ങൾക്ക് (ഉദാഹരണത്തിന് ശ്രീനാരായണ ഗുരുവിനെക്കുറിച്ചുള്ള പാഠഭാഗത്തിന്റെ അവസാനം നൽകിയിരിക്കുന്ന അയ്യങ്കാളി, ചട്ടമ്പിസ്വാമികൾ, ചാവറയച്ചൻ വൈകുണ്ഠ സ്വാമികൾ, വക്കം മൗലവി തുടങ്ങിയ മഹാന്മാർ കേരള സാമൂഹ്യപുരോഗതിക്ക് വിലപ്പെട്ട സംഭാവനകൾ നൽകിയവരാണ്). പാഠഭാഗങ്ങളിൽ നിന്നും മറ്റു കൃതികളിൽ നിന്നും വായിച്ചു മനസ്സിലാക്കിയ കാര്യങ്ങൾ ഉൾപ്പെടുത്തി ഉപന്യാസം തയാറാക്കൂ എന്ന പ്രവർത്തനത്തിന് റഫറൻസ് ലേണിങ്ങ് എന്ന തന്ത്രം ഫലപ്രദമായി പ്രയോജനപ്പെടുത്താം. ഇതിനായി ഇവരുടെ ലഘുജീവചരിത്രക്കുറിപ്പുകളോ ഉപന്യാസങ്ങളോ ക്ലാസ്സിൽ ലഭ്യമാക്കുകയും വേണം.

### പ്രവർത്തനം

ഗ്രൂപ്പുകളിൽ കേരളപാഠാവലിയുടെയും, അടിസ്ഥാനപാഠാവലിയുടെയും അവസാന യൂണിറ്റുകൾ വിനിമയം ചെയ്യാനാവശ്യമായ പഠനോപകരണങ്ങളും പഠനസാമഗ്രികളും കണ്ടെത്തി പട്ടികപ്പെടുത്തുക. അവ നിർമ്മിക്കുക.

## 4-6 ഗുണമേന്മയ്ക്കായുള്ള ഇടപെടലുകളും തുടർച്ചയും

ക്ലാസ്സ് ഗുണനിലവാരമുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യം മുൻനിർത്തി കേരളത്തിൽ വിവിധ പ്രവർത്തന പദ്ധതികൾ നടപ്പാക്കുകയുണ്ടായി. പ്രാഥമിക ഭാഷാശേഷികൾ എല്ലാ കുട്ടിക്കും ഉറപ്പാക്കാനുള്ള മലയാളത്തിളക്കം, ശ്രദ്ധ എന്നിവ അവയിൽ ചിലതാണ്.

### മലയാളത്തിളക്കം

കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ മൂന്നു മുതൽ പത്താം ക്ലാസുവരെ പഠിക്കുന്ന എല്ലാ

കുട്ടികൾക്കും അടിസ്ഥാനഭാഷാശേഷി ഉറപ്പാക്കുക, മുഖ്യധാരയിലേക്ക് വന്ന എല്ലാ വിദ്യാർത്ഥികളുടെയും വായനാശീലവും സർഗാത്മകതയും വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സമൂഹപങ്കാളിത്തത്തോടെ നടപ്പിലാക്കുക എന്നിവയായിരുന്നു പ്രധാന ലക്ഷ്യങ്ങൾ.

**ശ്രദ്ധ**

കുട്ടികൾക്ക് ആത്മവിശ്വാസം നൽകി മുന്നോട്ട് നയിക്കുക, പഠനപിന്നോക്കാവസ്ഥയുള്ളവർക്കായി വർക്ക്ഷോപ്പുകളിലൂടെ സവിശേഷ ശ്രദ്ധ നൽകുക എന്നതായിരുന്നു ലക്ഷ്യം. അന്താരാഷ്ട്രനിലവാരമുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും എന്ന ലക്ഷ്യത്തോടെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം കേരളത്തിൽ നടപ്പാക്കി വരികയാണ്. ക്ലാസ്മുറികളിൽ അതിന്റെ മാറ്റങ്ങൾ പ്രകടമാണ്. ഹൈടെക് ക്ലാസ്മുറികളും മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ കുറച്ചുവർഷങ്ങളായി അടിസ്ഥാന ഭാഷാശേഷികൾ ഉറപ്പാക്കാനും, ആഴത്തിലുള്ള ഭാഷാശേഷികൾക്ക് പ്രോത്സാഹനം നൽകാനും നിരവധി പ്രവർത്തനങ്ങൾ നടന്നുവരുന്നു. മലയാളത്തിളക്കം, ശ്രദ്ധ എന്നിവ അവയിൽ ചിലതാണ്. സമീപനം, പ്രക്രിയ, സാമഗ്രികൾ, വിലയിരുത്തൽ ഇവയിൽ മാറ്റം വരുത്തിയാണ് ഈ പദ്ധതികൾ വിജയം നേടിയത്. ഇവയുടെ മികവുകളിൽ നിന്നും പാഠമുൾക്കൊണ്ട് ഇവയുടെ ചില ഘടകങ്ങൾ ഭാഷാക്ലാസ്മുറികളിലേക്ക് ഉൾച്ചേർക്കാൻ തുടങ്ങിയിട്ടുണ്ട്. വിദ്യാലയത്തിൽ രൂപപ്പെടുത്തിയ ജൈവവൈവിധ്യ ഉദ്യാനം, ഭാഷാ വിനിമയത്തിന്റെ ഏതെല്ലാം ഘട്ടങ്ങളിൽ പ്രയോജനപ്പെടുത്താമെന്ന് ചർച്ചകളും നടക്കുന്നുണ്ട്. ഇതെല്ലാം പരിഗണിച്ച് പാഠാസൂത്രണത്തിൽ ഇവയുടെ തുടർച്ച ഉൾപ്പെടുത്തണം.

**ടാലന്റ് ് ലാബ്**

കുട്ടിയുടെ ബഹുതലബുദ്ധി പരിഗണിച്ച് പ്രവർത്തന പരമ്പരയിലൂടെ ആ മേഖലയിൽ അവരുടെ പ്രത്യേക കഴിവുകൾ കണ്ടെത്തുക. ആ മേഖലയിൽ മുന്നേറാൻ വേണ്ട അനുഭവങ്ങൾ നൽകി അവരെ കഴിവിന്റെ പരമാവധിയിലെത്തിക്കാൻ സഹായിക്കുക. ഇതാണ് ടാലന്റ്ലാബ് ലക്ഷ്യം വെക്കുന്നത്.

ഈ ഇടപെടൽ മേഖലകൾ അധ്യാപിക ശ്രദ്ധാപൂർവം മനസ്സിലാക്കുകയും. ഓരോ പദ്ധതിയുടേയും സമീപനം, പ്രക്രിയ, വിലയിരുത്തൽ എന്നിവ തിരിച്ചറിഞ്ഞ് ദൈംനംദിന ക്ലാസ് പ്രവർത്തനങ്ങളിൽ ഉൾക്കൊള്ളിക്കുകയും വേണം.

## 4–7 വിലയിരുത്തൽ രീതികളും ഉപാധികളും

പഠനനേട്ടങ്ങൾക്ക് ഊന്നൽ നൽകുന്ന സമീപനമാണ് നാം സ്വീകരിച്ചിരിക്കുന്നത്. മൂല്യങ്ങൾക്കും മനോഭാവങ്ങൾക്കും അർഹമായ സ്ഥാനവും നൽകുന്നു. വിലയിരുത്തലിന്റെ സമീപനരീതികളും മൂന്നാം സെമസ്റ്ററിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

നിരന്തര വിലയിരുത്തലിന് പ്രാധാന്യം നൽകിക്കൊണ്ട് ഓരോ കുട്ടിയെയും പഠനനേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തനാക്കുക അഥവാ പഠനനേട്ടത്തിന്റെ ഉടമയാക്കുക എന്നതാണ് ലക്ഷ്യം.

വൈവിധ്യമുള്ള പഠനസാമഗികൾ പ്രയോജനപ്പെടുത്തുന്ന പ്രക്രിയ/സന്ദർഭം, അവ പ്രയോജനപ്പെടുത്തുന്നതിന്റെ സാധ്യത എന്നിവ അധ്യാപിക തിരിച്ചറിയണം.

ഭാഷയിലെ ചില പഠനനേട്ടങ്ങൾ കുറഞ്ഞ സമയം കൊണ്ട് കൈവരിക്കാനാവും. എന്നാൽ ചില പഠനനേട്ടങ്ങൾ ഒരു യൂണിറ്റിലൂടെയോ ഒരു പ്രക്രിയയിലൂടെയോ മാത്രം കൈവരിക്കാൻ കഴിയില്ല. ആറാം ക്ലാസിലെ കേരള പാഠാവലി വിനിമയം ചെയ്യുമ്പോൾ കുട്ടികൾ നേടേണ്ട ഒരു പഠനനേട്ടത്തെ മുൻനിർത്തി ഇത് പരിശോധിച്ചു നോക്കൂ.

**പഠനനേട്ടം** – "കവിതയിലെ ആശയം, പ്രയോഗം ഭംഗി, പദച്ചേർച്ച എന്നിവ സ്വന്തം കാഴ്ചപ്പാടോടെ വ്യാഖ്യാനിച്ച് ആസ്വാദനക്കുറിപ്പ് തയാറാക്കുന്നു."

ഈ പഠനനേട്ടം ചിലപ്പോൾ ഒരു കവിത വിശകലനം ചെയ്യുന്നതിലൂടെ മാത്രം നേടിയെടുക്കാനാവില്ല. എന്നാൽ ഈ പഠനനേട്ടത്തിന്റെ ഘട്ടങ്ങൾ പരിശോധിക്കൂ...

കവിതയുടെ

- പ്രയോഗ ഭംഗി കണ്ടെത്തൽ
- പദച്ചേർച്ച കണ്ടെത്തൽ
- വ്യാഖ്യാനിക്കൽ
- ആസ്വാദനക്കുറിപ്പ് തയാറാക്കൽ

ആസ്വാദനക്കുറിപ്പ് എന്നത് സമഗ്രതയാണ് ഇതിലെ ചില അംശങ്ങൾ ഒരു കവിതയിലൂടെ ചിലപ്പോൾ ലഭിക്കാം. എന്നാൽ പ്രയോഗഭംഗി പോലെ താരതമ്യേന കൂടുതൽ ചിന്താപ്രക്രിയ പോലെ അടങ്ങിയ പ്രവർത്തനങ്ങൾ കൂടുതൽ അനുഭവങ്ങളിലൂടെ മാത്രമേ ഉൾക്കൊള്ളാനാവൂ. (കുട്ടികളുടെ പഠനവേഗത, പഠനനിലവാരം എന്നിവയ്ക്കനുസരിച്ച് വ്യത്യാസം വരാം)

ആറാം ക്ലാസിലെ കേരളപാഠാവലി പരിശോധിച്ച് വിവിധ യൂണിറ്റുകളിൽ ആസ്വാദനക്കുറിപ്പ് തയാറാക്കുന്നു എന്ന പഠന നേട്ടത്തിന്റെ പുനരനുഭവ സാധ്യതകൾ കണ്ടെത്തൂ.

| ക്രമ നമ്പർ | യൂണിറ്റ് | Std. VI കേരളപാഠാവലി |
|---|---|---|
| 1 | ചിത്രവർണങ്ങൾ | 1) ആശയം, താളം, ഭാവം എന്നിവ തിരിച്ചറിഞ്ഞ് കവിത ഈണത്തിൽ ചൊല്ലി അവതരിപ്പിക്കുന്നു. (ആസ്വാദനത്തിന്റെ ഒരു സാധ്യത)<br>2) കവിതയുടെ ആശയം, പ്രയോഗഭംഗി, ചമത്കാരം എന്നിവ ഉൾക്കൊണ്ട് ആസ്വദിക്കുകയും വിശദീകരിക്കുകയും ചെയ്യുന്നു. |
| 2 | കലയുടെ കേദാരം | 1) കവിതയുടെയും പാട്ടുകളുടേയും ആശയം, താളം, ഭാവം എന്നിവ തിരിച്ചറിഞ്ഞ് ഉചിതമായ ഈണത്തിൽ ആലപിക്കുന്നു.<br>2) കവിതയിലെ ആശയം, പ്രയോഗഭംഗി, പദച്ചേർച്ച എന്നിവ സ്വന്തം കാഴ്ചപ്പാടോടെ വ്യാഖ്യാനിച്ച് ആസ്വാദനക്കുറിപ്പ് തയാറാക്കുന്നു. (നേരത്തെ സൂചിപ്പിച്ച LO) |
| 3 | മായക്കാഴ്ചകൾ | |
| 4 | പ്രകാശ കിരണങ്ങൾ | കവിതയുടെ ആശയം, താളം, ഭാവം എന്നിവ ഉൾക്കൊണ്ട് ഈണത്തിൽ ചൊല്ലി അവതരിപ്പിക്കുന്നു. |
| 5 | പ്രകൃതി ഭാവങ്ങൾ | കവിത വായിച്ച് ആശയം, ബിംബ കല്പനകൾ എന്നിവ കണ്ടെത്തി ആസ്വാദനക്കുറിപ്പ് തയാറാക്കുന്നു. |

കവിതയുടെ ആസ്വാദനവുമായി ബന്ധപ്പെട്ട് വിവിധ യൂണിറ്റുകളിൽ ഉൾക്കൊള്ളിച്ച പഠനനേട്ടങ്ങൾ ശ്രദ്ധിച്ചില്ലേ - ഇതിൽ നിന്നും എന്താണ് മനസ്സിലാക്കേണ്ടത്. ആസ്വാദനക്കുറിപ്പ് തയാറാക്കുന്നതിന്...

- കവിതയിലെ ആശയം കണ്ടെത്താനാകണം
- കവിതയുടെ താളം, ഭാവം എന്നിവ തിരിച്ചറിയണം.
- പ്രയോഗ ഭംഗികൾ കണ്ടെത്തി വിശദീകരിക്കണം.
- പദച്ചേർച്ചകൾ, കവിതാ ആലാപനത്തെ, ശബ്ദഭംഗിയെ എങ്ങനെ സഹായിക്കുന്നു എന്ന് തിരിച്ചറിയണം.

- ചമത്കാര ഭംഗികൾ വിശദീകരിക്കാനാവണം.
- ബിംബ കല്പനകൾ കണ്ടെത്തി വിശദീകരിക്കാനാവണം. ഇതെല്ലാം ചേർന്നതാണ് ആസ്വാദനക്കുറിപ്പ്.

ദീർഘകാലത്തെ അനുഭവത്തിൽ നിന്നാണ് ഈ പഠനനേട്ടം പൂർണമായ അർഥത്തിൽ കുട്ടി കൈവരിക്കുന്നത്. ഇതെല്ലാം തന്നെ ഈ പഠനനേട്ടത്തിന്റെ നിലവാരത്തെളിവുകളാണ്. ഇതിൽ കുട്ടിക്ക് എന്തിനെല്ലാം കഴിയുന്നു എന്ന് കണ്ടെത്തുന്നതാണ് നിരന്തര വിലയിരുത്തൽ.

ഈ നേട്ടം കുട്ടിക്കും അധ്യാപികയ്ക്കും ആത്മവിശ്വാസവും അംഗീകാരവും നൽകുന്നതാണ്. ഇത് T.M ൽ പ്രതിഫലനക്കുറിപ്പുകളായി രേഖപ്പെടുത്താവുന്നതാണ്.

സ്കൂൾ അധ്യാപകൻ അഭിമാനരേഖ എന്ന പേരിൽ ഇത്തരത്തിലുള്ള പ്രതികരണങ്ങൾ ഉൾപ്പെടുത്തി ഓരോ കുട്ടിയുടെയും വിലയിരുത്തൽ രേഖ സൂക്ഷിക്കുന്നുണ്ട്.

ടേം മൂല്യനിർണയത്തിൽ വ്യവഹാര രൂപങ്ങളുടെ വളർച്ചയും അത് തിരിച്ചറിയാനുള്ള സൂചകങ്ങളും മാത്രമാണ് യു.പി. ക്ലാസിൽ കൂടുതലായി ചർച്ച ചെയ്യേണ്ടത്. ബാക്കി വിശദാംശങ്ങൾ മൂന്നാം സെമസ്റ്ററിൽ മനസ്സിലാക്കിയതാണ്.

**പ്രവർത്തനം**

1) ഗ്രൂപ്പുകളിൽ ഒരു പഠനനേട്ടം പരിശോധിച്ച് അതിന്റെ അഞ്ച്, ആറ്, ഏഴ് ക്ലാസുകളിലെ പുനരനുഭവ സാധ്യത കണ്ടെത്തുക.
2) ഒരു പഠനനേട്ടം എടുത്ത് അത് കുട്ടികൾക്ക് ലഭ്യമായി എന്ന് ഉറപ്പു വരുത്താൻ കഴിയുന്ന ചില സൂചകങ്ങൾ എഴുതി നോക്കുക.

**റഫറൻസ്**


| | | |
|---|---|---|
| കൈത്തിരി (U.P) | - | S.S.K കേരള |
| അധ്യാപക സഹായികൾ | - | SCERT കേരള |
| മൂല്യനിർണയ സമീപന രേഖകൾ | - | S.S.K കേരള |
| വിലയിരുത്തൽ സമീപനം | - | S.S.K കേരള |

# മലയാളം - പേപ്പർ - 403

## യൂണിറ്റ് - 5

## വിദ്യാലയ അനുഭവപരിപാടിയുടെ ക്രോഡീകരണം

**ആമുഖം**

പ്രൈമറി ക്ലാസ്സിലെ വിദ്യാലയ അനുഭവ പരിപാടിയുടെ ക്രോഡീകരണം നടത്തിയില്ലേ? ഒന്നാമത്തെ യൂണിറ്റിൽ ഇതിന്റെ വിശദാംശങ്ങൾ നൽകിയിരുന്നല്ലോ? ഈ പ്രവർത്തനം യു.പി ക്ലാസ്സിലെ വിദ്യാലയ അനുഭവ പരിപാടിക്ക് സഹായകമായോ? പ്രൈമറി ക്ലാസ്സിൽ നിങ്ങൾ നടത്തിയ ഏതെല്ലാം പ്രവർത്തനങ്ങളാണ് അന്ന് നാം വിശകലനം ചെയ്തത്? അതിൽ നിന്നും വ്യത്യസ്തമായ എന്തൊക്കെ പ്രവർത്തനങ്ങളാണ് അപ്പർ പ്രൈമറി ക്ലാസിൽ നാം നടത്തിയത്? ആ പ്രവർത്തനങ്ങൾ സൂക്ഷ്മവിശകലനം ചെയ്യുന്നത് നമ്മുടെ തൊഴിൽ വൈദഗ്ധ്യം വിലിയരുത്താനും കുറവുകൾ പരിഹരിച്ച് മുന്നേറാനും സഹായകമാവില്ലേ? എങ്കിൽ വിലയിരുത്തേണ്ട മേഖലകൾ ഏതൊക്കെയാണ്?

- ക്രിയാഗവേഷണ പ്രവർത്തനങ്ങൾ
- വ്യവഹാര രൂപങ്ങളുടെ വളർച്ച
- ഭാഷാദിനാചരണങ്ങളും ഭാഷാശേഷി വികാസവും
- പ്രാദേശിക പാഠങ്ങൾ രൂപപ്പെടുത്തലും പ്രയോജനപ്പെടുത്തലും
- ഫലപ്രദമായ കരിക്കുലം വിനിമയത്തിന് സഹായക സംവിധാനങ്ങളുടെ പങ്ക്.

  സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി, ഗൃഹലൈബ്രറി മുതലായവ
- അപ്പർ പ്രൈമറി തലത്തിലെ സബ്ജക്ട് കൗൺസിലും എസ്.ആർ.ജി യോഗവും അക്കാദമിക ചർച്ചാ വേദികളാക്കൽ
- വിദ്യാരംഗം, സാഹിത്യവേദി പ്രവർത്തനങ്ങളും ഭാഷാപരിപോഷണവും
- വിദ്യാലയത്തിലെ പഠനപോഷണ പരിപാടികൾ

ഇവ കൂടാതെ അധ്യാപികയുടെ മുന്നൊരുക്കം, ബോധന ശാസ്ത്രപരമായ അപഗ്രഥനം, ദൈനംദിനാസൂത്രണം പഠനോപകരണങ്ങളുടെ ഉപയോഗം, കുട്ടികളുടെ ഉല്പന്നങ്ങൾ, വിലയിരുത്തൽ, എന്നിങ്ങനെ കഴിഞ്ഞ പ്രാവശ്യം ചർച്ച ചെയ്ത ഇനങ്ങളും ചർച്ചക്കു വിധേയമാക്കണമല്ലൊ?

വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് ഈ മേഖലകളിലെ

- പ്രവർത്തനങ്ങളും ലക്ഷ്യങ്ങളും
- പ്രവർത്തനത്തിന്റെ മികവുകൾ, പരിമിതികൾ
- മെച്ചപ്പെടാനുള്ള നിർദ്ദേശങ്ങൾ

എന്നിങ്ങനെ സൂചനകളുടെ അടിസ്ഥാനത്തിൽ ചർച്ച ചെയ്തു.

കഴിഞ്ഞ തവണ നടത്തിയ പ്രവർത്തനങ്ങളുടെ സൂചനകൾ ഒന്നാം യൂണിറ്റിൽ നൽകിയത് പ്രയോജനപ്പെടുത്താം. പുതിയ മേഖലകൾക്ക് ചില സൂചകങ്ങൾ താഴെ നൽകുന്നു. ചർച്ചയിലൂടെ സൂചകങ്ങൾ വിപുലപ്പെടുത്താവുന്നതാണ്.

**വ്യവഹാര രൂപങ്ങളുടെ വളർച്ച**

- വ്യവഹാരരൂപങ്ങളുടെ വളർച്ച എത്രമാത്രം തിരിച്ചറിയാൻ കഴിയുന്നുണ്ട്.
- പാഠപുസ്തകങ്ങളിൽ വ്യവഹാരരൂപങ്ങളുടെ വളർച്ച എത്രമാത്രം പ്രകടമാണ്.
- വിലയിരുത്തലിൽ നേരിട്ട പ്രയാസങ്ങൾ

**ഭാഷാദിനാചരണങ്ങളും ഭാഷാശേഷി വികാസവും**

- നടത്തിയ പ്രധാന ദിനാചരണങ്ങൾ
- ഭാഷാപരമായ പ്രവർത്തനങ്ങൾ എന്തൊക്കെ?
- കുട്ടികളുടെ ഭാഷാശേഷി വികാസത്തിന് ഇവ എത്രമാത്രം സഹായകമാണ്?

**സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി, ഗൃഹലൈബ്രറി**

- നിലവിലെ അവസ്ഥ - കരിക്കുലം വിനിമയത്തിനുള്ള അനുയോജ്യത
- മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ

**സബ്ജക്ട് കൗൺസിൽ, എസ്.ആർ.ജി**

- പങ്കെടുത്ത എസ്.ആർ.ജി മീറ്റിങ്ങുകളുടേയും സബ്ജക്ട് കൗൺസിലിന്റേയും എണ്ണം
- ചർച്ചചെയ്യാറുള്ള അജണ്ടകൾ
- അക്കാദമിക മികവിന് ഇത് എത്രമാത്രം സഹായകമാണ്.
- നിർദ്ദേശങ്ങൾ

**വിദ്യാരംഗം സാഹിത്യ വേദി**

- വിദ്യാലയത്തിൽ നടക്കുന്ന പ്രധാന പ്രവർത്തനങ്ങൾ
- കുട്ടികളുടെ പങ്കാളിത്തം, പ്രയോജനപ്പെടുത്തൽ
- സർഗാത്മകത വളർത്താൻ ഈ പ്രവർത്തനം സഹായകമാണോ?

**വിദ്യാലയത്തിലെ പഠനപരിപോഷണ പരിപാടികൾ**

- വിദ്യാലയത്തിൽ നടക്കുന്ന പഠനപരിപോഷണ പരിപാടികൾ ഏതെല്ലാം?
- പഠനവിടവുകൾ നികത്താൻ ഇത് എത്രമാത്രം ഫലപ്രദമാണ്.
- ഇനിയും പരിഗണിക്കേണ്ട പഠനവിടവുകൾ ഏതൊക്കെ?

വിവിധ ഗ്രൂപ്പുകളിൽ ഈ പ്രവർത്തനങ്ങളുടെ വിശകലനം (മേൽ സൂചകങ്ങൾ പ്രയോജനപ്പെടുത്തി) നടത്തുക. തുടർന്ന് കണ്ടെത്തലുകൾ റിപ്പോർട്ട് രൂപത്തിൽ എഴുതിതയ്യാറാക്കുക. പൊതുചർച്ചയിൽ നിങ്ങളുടെ കണ്ടെത്തലുകൾ അവതരിപ്പിക്കുക. ഈ റിപ്പോർട്ട് നിരന്തരവിലയിരുത്തലിനും ബോർഡ് വിലയിരുത്തലിനും വിധേയമാക്കുക.